കൂടുതൽ വരവുണ്ടാക്കുവാൻ സക്കാരിന്നു് അധാമ്മികമായ മാർഗ്ഗങ്ങളെ ഉപാശ്രയിക്കേണ്ടിവരുന്നുവെന്നുള്ളതാണു മറെറാന്നു്. ജനങ്ങളുടെ ധാമ്മികചിന്താഗതിയെ ക്ഷതപ്പെടുത്തുകയും അതിനു പതിതത്വവും, അവളംശവും സംഭവിപ്പിക്കുകയും ചെയ്യുന്ന മദ്യപാനാസക്തിയേയും മറ്റും യാതൊരിടത്തും യാതൊരു കാരണവശാലും പ്രോത്സാഹിപ്പിച്ചുകൂടാത്തതാണു്. എന്നാൽ കൊച്ചിയിൽ അനുദിനം ഈ ദുർവ്വാസനക്കു പ്രോത്സാഹനം കൂടിക്കൂടിവരികയാണു്. കള്ളു്, ചാരായം, കറുപ്പു് തുടങ്ങിയ ഷാപ്പുകളുടെ ലേലസംഖ്യയിൽ നിന്നാണു സ്റ്റെയിറ്റിലെ ആദായത്തിന്റെ അല്പഭാഗവും നികുതിപ്പെടുമെന്നു പ്രതീക്ഷിക്കപ്പെടുന്നതു്. ഈ ധനസമ്പാദനസമ്പ്രദായം ഏതുതരത്തിലാണു ധാമ്മികമായ പരിമിതികളുടെയെല്ലാം സീമകൾക്കുള്ളിൽപ്പെടുക. ഇത്തരം വരുമാനങ്ങൾ എത്രകാലത്തേക്കാണു നിലനില്ക്കുവാൻ പോകുന്നതു്. ആയതുകൊണ്ടു് ഇപ്രകാരമുള്ള താല്ക്കാലികധനാഗമമാർഗ്ഗങ്ങളെ സന്ത്യജിച്ചു രാഷ്ട്രത്തിന്റെ സാമ്പത്തികപുരോഗതിയെ ഉദ്ദേശിച്ചു് അവിടെ സ്ഥിരമായ ധനാഗമമാർഗ്ഗത്തിനുള്ള കവാടങ്ങൾ തുറക്കുവാൻ ഒട്ടുംതന്നെ കാലതാമസം വരുത്തിക്കൂടായെന്നാണു് എന്റെ പക്ഷം. വ്യവസായങ്ങളുടെ പരിപൂർണ്ണവികാസത്തിലാണു രാജ്യാഭിവൃദ്ധിയും, അങ്ങിനെ ജനാഭിവൃദ്ധിയും തിങ്ങികിടക്കുന്നതു്. ഇക്കാര്യത്തിൽ തിരുവിതാംകൂറിനുള്ള ഉറച്ച വിശ്വാസത്തെ നാം അനുകരിക്കതന്നെ വേണം.

കൊച്ചിയിൽ അധികവും ഗ്രാമീണരാണു്. പരിഷ്കാരത്തിന്റെ പുതുപൂച്ചു് മുഴുവനും ചെന്നെത്തികഴിഞ്ഞിട്ടില്ലാത്ത ആ ഗ്രാമങ്ങളും, പ്രകൃത്യാഭിരാമങ്ങളായ ആ ഗ്രാമങ്ങളിലുള്ള ആദ്യശസമ്പന്നരായ ആ ഗ്രാമീണരുടെ പരിലാളനത്തിനു മഹാരാജാവു തിരുമനസ്സുകൊണ്ടു് ജനഹിതത്തെ ബഹുമാനിച്ചു കല്പിച്ചു നിയമിച്ചിട്ടുള്ള സാമാന്യവ്യക്തിയാണു നമ്മുടെ ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണമന്ത്രി. കുറെവകുപ്പുകൾ ദത്തവകുപ്പുകൾ എന്നപേരിൽ അദ്ദേഹത്തിന്റെ കീഴിൽ വിട്ടുകൊടുക്കപ്പെട്ടിട്ടുണ്ടു്. ഈ ദത്തവകുപ്പുകളുടെ ഭരണച്ചിലവിലേക്കായി പ്രത്യേകസംഭാവനയായിനു $\frac{1}{4}$ ലക്ഷം രൂ.യാണു് അടുത്ത കൊല്ലത്തേക്കു് അനുവദിച്ചിരിക്കുന്നതു്. ഈ സംഖ്യ തീരെ അപര്യാപ്തമായി പോയി. യുദ്ധത്തിനു മുമ്പു് ഈ സംഭാവന രണ്ടു ലക്ഷം രൂ.യായിരുന്നു. ഇപ്പോൾ ചിലവു് അഞ്ചിരട്ടിയും ആറിരട്ടിയും വർദ്ധിച്ചിട്ടുള്ള ഇന്നത്തെ പ്രത്യേകചുറ്റുപാടിൽപോലും ഇതു നു $\frac{1}{4}$ ലക്ഷമായിട്ടു മാത്രമെ വർദ്ധിച്ചിട്ടുള്ളുവെന്നു കാണുന്നതു് അത്ര സുഖകരമല്ല. കൊച്ചിയിലെ പലെ ഗ്രാമങ്ങളും ഇന്നു കുടിക്കുവാൻ നല്ല വെള്ളം കിട്ടാതെ വിഷമിക്കുന്നുണ്ടു്. ഈ സംഗതിയിൽ ചെല്ലാനം, അഴിക്കൽ മുതലായ തീരപ്രദേശങ്ങളിലുള്ള ജനങ്ങളുടെ അരിഷ്ടതകളെ പ്രത്യേകം ഞാൻ ഗവമ്മെണ്ടിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. കുടിക്കുവാൻ ശുദ്ധജലം ഉണ്ടാക്കികൊടുക്കേണ്ടതു് ഏതൊരു ഗവമ്മെണ്ടിന്റേയും പ്രാഥമികമായ ഒരു കർത്തവ്യം മാത്രമാകുന്നു. ഇതിൽനിന്നുമുള്ള വ്യതിചലനം അക്ഷന്തവ്യമായിരിക്കും. സ്റ്റെയിറ്റിലെ പലേ പഞ്ചായത്തുപാലങ്ങളുടേയും നിലവളരെ പരുങ്ങലിലാണു്. സ്റ്റെയിറ്റിലെ പഞ്ചായത്തുകളിൽ ഒറിജിനൽ ജോലികൾക്കെല്ലാംകൂടി ൧, ൦ ൦, ൦൦൦ രൂപ മാത്രമെ വകകൊള്ളിച്ചിട്ടുള്ളു. ഈ തുകകൊണ്ടു് എത്രമാത്രം ജോലികൾ ചെയ്യിക്കുവാനാണു സാധിക്കുക? ഇനിയും പലേ പഞ്ചായത്തുകളിലും ധാരാളം പാലങ്ങളും കലുങ്ങളും മറ്റും ഉണ്ടാവേണ്ടതായുണ്ടു്.

ഗ്രാമീണരെയെന്നല്ല, പൊതുജനങ്ങളെ ഒട്ടാകെ സംബന്ധിച്ചിടത്തോളം യാതൊരു തരത്തിലും അപ്രധാനമല്ലാത്ത മറെറാരു പ്രശ്നമാണു്, അവരുടെ ആരോഗ്യകാര്യം. ഇക്കാര്യത്തിലും അധികൃതന്മാർ വേണ്ടത്ര നിഷ്കർഷ ചെലുത്തുന്നുണ്ടോയെന്നും സംശയിക്കേണ്ടിയിരിക്കുന്നു. കൊതുകുനിയന്ത്രണത്തിന്നായി ൮ ൫, ൦ ൦ ൦ രൂ. ബഡ്ജററിൽ കൊള്ളിച്ചുകാണുന്നതല്ലാതെ പൊതുജനആരോഗ്യവിഷയത്തിൽ യാതൊന്നുംതന്നെ പ്രത്യേകമായി ചെയ്യുവാനുള്ള ഭാവവും ബഡ്ജററിൽകൊണ്ടു കാണുന്നില്ല.

പൊതുജനആരോഗ്യംപോലെതന്നെ വൈദ്യസഹായം ലഭിക്കുന്നതും തീരെ അപരിമിതമായി പോകുന്നുവെന്നൊരു പരാതി ഇന്നു നാട്ടിന്റെ നാനാഭാഗത്തുനിന്നും മുഴങ്ങികേൾ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നുണ്ട്. ഈ ആവലാതി നാട്ടിൻപുറങ്ങളിൽനിന്നാണ് അധികവും. റൂറൽ ഡിസ്പെൻസറികൾക്കായി ക ൭,൦൦ ൫ക. ബഡ്ഡറിൽ ഉണ്ടെങ്കിലും ഈ സംഖ്യകൊണ്ടു ജനങ്ങളുടെ വഴിച്ചിട്ടുള്ള ആവശ്യങ്ങളെ അഭിമുഖീകരിക്കുവാൻ സാധിക്കുമോയെന്നും തോന്നുന്നില്ല. നാലു ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നതും അനന്തരോളം വീടുകളുള്ളതുമായ ഗോതുരുത്തിയിൽ യാതൊരുവിധത്തിലുള്ള വൈദ്യസഹായവും ഇതേവരെ ഗവൺമെണ്ടിൽ നിന്നും ചെയ്തുകൊടുക്കാത്തതിൽ ആ നാട്ടുകാർക്കുള്ള ഖേദത്തെ ഇവിടെ രേഖപ്പെടുത്തുകയും ഏറ്റവും അടുത്ത ദ്വീപിയിൽതന്നെ അവിടെ ഒരു ഡിസ്പെൻസറി സ്ഥാപിച്ചുകൊടുക്കുവാൻ ഗവൺമെണ്ടിനോടു് അപേക്ഷിക്കുകയും ചെയ്യുന്നു. രോഗികളുടെ ക്ഷണച്ചുമലവിലേക്ക ക്രമ ൦൰ൽ ക,൯ ൦,൦൦൦ക.യാണു ചിലവു്. ആ നിലയിൽ അടുത്ത കൊല്ലത്തേക്കുള്ള ക്ഷണച്ചുമലവു് ക,൯൭൫,൦൦൦ക.യായി മുൻകൂട്ടിക്കൊള്ളിച്ചിട്ടുള്ളതും അനഭിലഷണീയമായിരിക്കുന്നു. ഏറ്റവും അത്യാവശ്യമായ ഈ ചിലവിൽ ഇത്ര ലുബ്ധം കാണിക്കുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല.

സാക്ഷരന്മാരുടെ സംഖ്യ അനുദിനം വർദ്ധിപ്പിക്കുന്നതിന്നായി നമ്മുടെ ഗവൺമെണ്ടു നടത്തുന്ന പരിശ്രമം ശ്ലാഘനീയമാണു്. അടുത്തകൊല്ലത്തേക്കു് ന൭,൦൦,൫൦൦ക യാണു് വിദ്യാഭ്യാസച്ചിലവിലേക്കു് ഇനം കൊള്ളിച്ചിട്ടുള്ളതു്. ഒരുനിലയിൽ ആലോചിക്കുമ്പോൾ കൊച്ചിക്കു് ഈ സംഖ്യകൊണ്ടും തൃപ്തിപ്പെട്ടുകൂടാത്തതാണെന്നു തോന്നിപ്പോകുന്നു. ഇതുവരേയും കൊച്ചിയിൽ നിർബ്ബന്ധ പ്രാഥമികവിദ്യാഭ്യാസം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ലെന്നുള്ളതു് നമ്മെ സംബന്ധിച്ചേടത്തോളം നികത്തിയാൽ നികരാത്ത ഒരു പോരായ്മയും, ന്യൂനതയുമായി തോന്നുന്നു.

ഇന്നത്തെ പ്രത്യേക ചുറ്റുപാടിൽ സാധാരണക്കാരുമായി ഏറ്റവും അധികം ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണു് സ്റ്റെയിറ്റിലെ ക്ഷേമവകുപ്പു്. വളരെയധികം ഉദ്യോഗസ്ഥന്മാരെ ആ വകുപ്പിൽ നിയമിച്ചുകാണുന്നുണ്ടു്. ഭീമമായ ഒരു സംഖ്യ ആ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളമായി പോകുന്നുണ്ടു്. നിയന്ത്രണങ്ങളും വേണ്ടുവോളം പുറത്തുചാടിയിട്ടുണ്ടു്. എന്നാൽ ആ വകുപ്പുകൊണ്ടോ നിയന്ത്രണങ്ങൾകൊണ്ടോ പൊതുജനങ്ങൾക്കു് ഉദ്ദേശിക്കുന്ന ഫലങ്ങൾ അവക്കു സിദ്ധിക്കുന്നുണ്ടോയെന്നു് ഒന്നു കാര്യമായി അന്വേഷിച്ചാൽ കൊള്ളാമെന്നുമാത്രം ഭരണപക്ഷം പ്രസ്താവിച്ചുകൊള്ളട്ടേ.

പ്രത്യേകം മനസ്സിരുത്തി പറയുവാനുള്ളതു് വ്യവസായങ്ങളെപ്പറ്റിയാണു്. വൈയവസായികമായി കൊച്ചി ഇതേവരെയും വളർന്നിട്ടില്ല. ഒന്നു തീർച്ചയാണു്—വ്യവസായാഭിവൃദ്ധിയാണു് രാജ്യാഭിവൃദ്ധി. വ്യവസായം, വ്യവസായം, കൂടുതൽ വ്യവസായം—പിന്നെയും കൂടുതൽ വ്യവസായം ഇതായിരിക്കണം സാമ്പത്തികനിലയിൽ നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിൽ എത്തുവാനുള്ള പ്രയാണത്തിൽ വന്നേക്കാവുന്ന പ്രതിബന്ധങ്ങളെ നാം തരണംചെയ്യുകതന്നെ വേണം. അതിനുള്ള മാർഗ്ഗങ്ങളും ഉടൻ കണ്ടുപിടിക്കയും വേണം.

വയ്പിൻ-പള്ളിപ്പുറം റോഡിന്റെ അത്യാവശ്യകതയെപ്പറ്റി ഈ സഭയിൽ പലകുറി ഗവൺമെണ്ടിനെ ശക്തിയായി ഉൽബോധിപ്പിച്ചിട്ടുണ്ടെങ്കിലും അതിന്റെ ഗൌരവത്തെ ഇനിയും ഗവൺമെണ്ടു മനസ്സിലാക്കി പ്രവൃത്തിക്കാത്തതിൽ അതിശയിക്കുന്നു. ഇനിയും കാലതാമസത്തിനു് ഇടവരുത്താതെ വയ്പിൻ-പള്ളിപ്പുറം റോഡിന്റെ പൂർത്തീകരണത്തിന്നു വേണ്ടതെല്ലാം ഉടൻ ആരംഭിക്കുവാൻ വീണ്ടും ഗവൺമെണ്ടിനോടു് അപേക്ഷിച്ചുകൊള്ളുന്നു. ഗവൺമെണ്ടിന്റെ അടിയന്തിരശ്രദ്ധ ചെലുത്തേണ്ട മറ്റൊരു പ്രധാനസംഗതിയാണു് കടലോരസംരക്ഷണം. മാനാശ്ശേരി, ചെല്ലാനം മുതലായ പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾ ഈ കടലാക്രമണത്താൽ അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങൾ അനവധിയെന്നു ഗവൺമെണ്ടു നല്ലപോലെ മനസ്സിലാക്കിയിട്ടും അതിന്റെ നിവാരണാർത്ഥം വേണ്ടതു് ഊർജ്ജിതമായി പ്രവൃത്തിച്ചുകാണാത്തതു് എന്തുകൊണ്ടാണെന്നും മനസ്സിലാകുന്നില്ല. ഇപ്പോൾ ചെയ്തുപോരുന്നപോലെ കൽച്ചിറകൾ, ഒലിമുട്ടുകൾ മുതലായതു വേണ്ടത്ര സ്ഥാപിച്ചോ, മറ്റുചില കടൽത്തീരങ്ങളിൽ ചെയ്യുന്നപോലെ കണ്ടൽ വെച്ചുപിടിപ്പിച്ചോ, ആസ്ത്രേലിയാ, ഫ്രാൻസ് മുതലായ സ്ഥലങ്ങളിലെ തീരപ്രദേശങ്ങൾ ചൂളമരങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നപോലെയോ മറ്റോ ഏതുവിധത്തിലെങ്കിലും ഈ പ്രദേശങ്ങൾ സംരക്ഷിക്കാത്തപക്ഷം ഗവൺമെണ്ടിന്നും ജനങ്ങൾക്കും ഭീമമായ നഷ്ടങ്ങൾക്കു് ഇടവരുമെന്നതാണു്. ആയതുകൊണ്ടു് അടുത്തകൊല്ലത്തെ ബഡ്ഡറവതരണത്തിന്നു മുമ്പായിത്തന്നെ ഈ കാര്യത്തിൽ ഗവൺമെണ്ടു വേണ്ടതെല്ലാം ചെയ്തു് മേൽപ്രസ്താവിച്ച തീരപ്രദേശങ്ങളിലെ ജനങ്ങളുടെ കൃതജ്ഞതക്കും, ഈ സഭയുടെ അഭിനന്ദനത്തിനുമർഹതനായും പര്യവസാനിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൊട്ടങ്ങല്ലൂർ ജഡ്ഡറിൽ വേണ്ടത്ര സംഖ്യ മിച്ചമില്ലായെന്നുള്ള ഒഴികഴിവുകൾ പറഞ്ഞു കൊണ്ട് കൊട്ടങ്ങല്ലൂർ താലൂക്കിലെ പലേ അത്യാവശ്യകാര്യങ്ങളും നിറുത്തിവെച്ചിരിക്കയാണല്ലോ. ഗതാഗതസൌകര്യം, വൈദ്യസഹായം, പൊതുജനാരോഗ്യം, വ്യവസായം ഈ മേഖലകളിൽ ഒഴിച്ചുകൂടാത്തതരത്തിൽ പലേ അടിയന്തിരകാര്യങ്ങളും അവിടെ ചെയ്യേണ്ടതുണ്ടെന്നുള്ള സംഗതി തല്ക്കാലം പൊതുവിൽ പ്രസ്താവിച്ചുകൊള്ളട്ടെ. അടുത്തകൊല്ലങ്ങളിൽ ഒരു മിച്ചബഡ്ഡറെ കൊട്ടങ്ങല്ലൂരിനു സൃഷ്ടിക്കുവാൻ ഇടവന്നിട്ടുള്ളനിലക്കെങ്കിലും, പണമില്ലായെന്നുള്ള പഴയ പല്ലവി ഇനിയും പാടാതെ മേൽ പ്രസ്താവിച്ച സംഗതികളിൽ ഗവൺമെണ്ടിന്റെ പ്രത്യേകശ്രദ്ധ പതിക്കുമെന്നു വിശ്വസിക്കുന്നു.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ട്, സർ, ഗവൺമെണ്ടു പതിവിൻ പടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ് ഒരു സർപ്ലസ് ബഡ്ജറായി കാണുന്നതിൽ ഞാൻ ഗവൺമെൻറിനെ അഭിനന്ദിക്കുന്നില്ല; അതുമോദിക്കുന്നില്ല; അതുക്ഷേപിക്കുകയാണു ചെയ്യുന്നതു". ഗവൺമെണ്ടിൽനിന്നും അവശ്യം ആവശ്യമായ കാര്യങ്ങളിൽ ദൃഷ്ടിവെക്കാതെ അതിനുവേണ്ടി പണം ചിലവു ചെയ്യാതെ, സാധുക്കളെ ചൂഷണം ചെയ്തുകൊണ്ടു, അതായതു് സാധുക്കളായ ഈ രാജ്യത്തുള്ള കഷ്ടകരെ കഷ്ടപ്പെടുത്തികൊണ്ടും അവരെ മർദ്ദിപ്പിച്ചുകൊണ്ടും കൂടുതൽ പണം സമ്പാദിച്ചു", ഇങ്ങിനെയുള്ള ഒരു മിച്ച ബഡ്ജറെ കാണിച്ചിരിക്കുന്ന ഈ ഗവൺമെണ്ടിനെ ആക്ഷേപിക്കാതിരിക്കുവാൻ എനിക്കു നിവൃത്തിയില്ല. ഈ മിച്ച ബഡ്ജറ് കാണിക്കുവാൻ ഇടവരുത്തീട്ടുള്ളതായ മറെറാരു സംഗതി മലവകയിൽനിന്നുള്ള വരവാണു്. ൧൯൫൦-ലെ ബഡ്ജറിൽ മലവകയിൽനിന്നു ൩൫,൭൫,൦൦൦ ക. വരവു കാണിച്ചിട്ടുണ്ടെങ്കിലും Actuals വന്നപ്പോൾ അതു് ൪൪,൭൫,൦൦൦ ക യായി വർദ്ധിച്ചിട്ടുണ്ടു്. എന്നാൽ ആ സ്ഥാനത്തു് ൧൯൫൨-ലെ ബഡ്ജറിൽ ൫൭,൭൫,൦൦൦ ക. യാണു് കാണുന്നതു്. അതിനുള്ള കാരണം നമുക്കു എല്ലാ കാലത്തും ഒരു നിർദ്ദോഷപ്രായമായി കണക്കാക്കുവാനുള്ള മലയാളെ സമ്പാദ്യം വെട്ടി നശിപ്പിച്ചു കളയുവാൻ തുടങ്ങിയതാണു്. പിന്നെ പൈതങ്ങളുടെ കയ്യത്തറത്തിട്ടിരിക്കുന്നതുപോലയാണു് ഓർണ്ണാർക്കു പോകുന്നതിനിടക്കു, ചെറിയ തേക്കിൻതൈക്കൾ മുറിച്ചിട്ടിരിക്കുന്നതു്. ഒരു പത്തു തൈക്കൾ ഗവൺമെണ്ടു വെച്ചു പിടിപ്പിച്ചിട്ടാണു് ഇങ്ങിനെ ചെയ്തിരുന്നതെങ്കിൽ തരക്കേടില്ലായിരുന്നു. ബ്രിട്ടീഷ് ഗവൺമെണ്ടിനെ യുദ്ധത്തിൽ സഹായിച്ചു എന്ന പേരു് സമ്പാദിക്കുവാനും അവരെ സന്തോഷിപ്പിക്കുവാനും വേണ്ടി മാത്രം കൊച്ചിയുടെ അഭിവൃദ്ധി നശിപ്പിക്കുവാൻ വിചാരിക്കുന്ന ഗവൺമെണ്ടിനെ ഏതു് വിധത്തിലാണു അഭിനന്ദിക്കുക എന്നു ഞാൻ ചോദിക്കുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: യുദ്ധത്തിനു യാതൊരു സഹായവും ചെയ്യേണ്ട എന്നു അഭിപ്രായമുണ്ടോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: യുദ്ധത്തിനു ഒന്നും ചെയ്യേണ്ട എന്നു ഞാൻ പറയുന്നില്ല. അവനവന്റെ കുടുംബത്തെ പട്ടിണിയിട്ടിട്ടു് അന്യന്റെ കുടുംബത്തെ രക്ഷിക്കുവാൻ നോക്കുകയല്ല ഒരുത്തന്റെ കടമ.

ഇവിടത്തെ അടക്കാ കൃഷിയുടെ കാര്യം എടുക്കാം. തൃശ്ശിവപേരൂർ, മുകുന്ദപുരം, തലപ്പിള്ളി മുതലായ സ്ഥലങ്ങളിലെ പ്രധാന കൃഷി അടക്കാ കൃഷിയാണു്. അടയ്ക്കായ്ക്കു് സെൻട്രൽ ഗവൺമെണ്ടു് ഡ്യൂട്ടി ചുമത്തീട്ടുണ്ടു്. "നിങ്ങളും ഇവിടെ അതിനു ഡ്യൂട്ടി ചുമത്തിയില്ലെങ്കിൽ ഞങ്ങളും ചുമത്തും; നിങ്ങളും ചുമത്തിയാൽ അതിൽനിന്നു് ഒരുഹരി നിങ്ങൾക്കു കിട്ടും" എന്ന ഇൻഡ്യാ ഗവൺമെൻറ പറഞ്ഞതുകൊണ്ടാണു് ഇവിടെ അടക്കായ്ക്കു് ഡ്യൂട്ടി ചുമത്തിയിരിക്കുന്നതെന്നു ടിവാൻ പ്രസിഡണ്ടിന്റെ പ്രസംഗത്തിൽ പറഞ്ഞു. "The duty on betel nut was imposed in British India with effect from April 1st 1944; and a request was addressed to the State to impose a corresponding duty accompanied by a strong hint that unless the State agreed an import duty would be imposed on all betelnut sent accorss the Forntiers of the State to British Indian markets." എന്നാണു് പറഞ്ഞിരിക്കുന്നതു്. ൧൯൫൦ മുതൽ ൧൭ വരെ പൈങ്ങ വെട്ടിയാൽ ഒരു റാത്തൽ കൂടിയടക്ക ഉണ്ടാകും. ആ കൂടിയടക്കായ്ക്കു് ൨ ണ. യാണു് ഡ്യൂട്ടി വെച്ചിട്ടുള്ളതു്. അതുപോലെ ൧൦൦ പഴുക്കടക്കായ്ക്കു് ൫ണ. ഗവൺമെൻറ ടാക്സ് ചെയ്യുന്നു.

മിസ്റ്റർ സി. ജെ. മാത്യു: അതു രണ്ടു റാത്തലായിട്ടു കണക്കാക്കണം.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതാണ് നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ കണക്കുകൂട്ടൽ.

മിസ്റ്റർ സി. ജെ. മാത്യു: ഇതു ബ്രിട്ടീഷ് ഗവൺമെൻറിന്റെ Calculation ആണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കഴിഞ്ഞ മീനം സെഷനിൽ ഇതിനെക്കുറിച്ച് ആക്ഷേപിച്ചപ്പോൾ ബഹുമാനപ്പെട്ട ജോയിൻറ് സിക്രട്ടറി അവർകൾ പറഞ്ഞു ബ്രിട്ടീഷിൻഡ്യയിൽ പുറം രാജ്യങ്ങളിലേക്ക് അയക്കുന്നതിനു മാത്രമേ നികുതി ചുമത്തുന്നുള്ളു എന്ന്.

മിസ്റ്റർ സി. ജെ. മാത്യു: അങ്ങിനെ പറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അങ്ങിനെ പറഞ്ഞിട്ടുണ്ട്. ന്യ—വ്യ—ക്ര ഫ വം-ലെ പ്രൊസീഡിംഗ്സിൽ ക്ര വ മുതൽ ന. ം വരെയുള്ള പേജുകളിലുള്ള ജോയിൻറ് സിക്രട്ടറി അവർകളുടെ പ്രസംഗത്തിൽ അതു കാണുന്നതാണ്. അപ്പോൾ ഇവിടെനിന്നും ബ്രിട്ടീഷിൻഡ്യയിലേക്കു കയറ്റി അയക്കുന്നുണ്ടെങ്കിൽ മാത്രമെ ഇവിടെയുള്ള പഴക്കടക്കായ്ക്ക് നികുതി ചുമത്തുകയുള്ളു എന്നു അവർ തന്നിട്ടുള്ള ഹിൻറിലുണ്ടെന്നു ദിവാൻ പ്രസിഡണ്ടിന്റെ പ്രസംഗത്തിൽ കാണാം. ഇപ്പോൾ നാട്ടിലുണ്ടാകുന്ന പഴക്കടക്കായ്ക്കു കൂടി നികുതി ചുമത്തുന്നതിൽ നിന്നു ധരിക്കേണ്ടതു് ജനങ്ങളെ ക്ഷണം ചെയ്യുന്ന മനസ്ഥിതിയാണ് ഗവൺമെണ്ടിനുള്ളതെന്നാണ്. ഇതുമൂലം നമ്മുടെ രാജ്യത്തുള്ള അനവധി കവുങ്ങുകളും നശിച്ചുപോയിട്ടുണ്ട്. ധാരാളം കവുങ്ങു വൃക്ഷങ്ങളും മുറിച്ചുപോയിട്ടുണ്ട്. ഈ രാജ്യത്തിലെ ഏറ്റവും പ്രധാനമായ ഒരു കൃഷിയാണ് കവുങ്ങ് കൃഷി എന്നുള്ള സംഗതി ഗവൺമെണ്ടു് ഓർക്കണം. അതു് എത്രായിരം മുറിച്ചുകളഞ്ഞിട്ടുണ്ട്; എത്രായിരം ഉണങ്ങിപോയിട്ടുണ്ട്. എടകിള, നന മുതലായ വകയുള്ള ചിലവു കഴിച്ചാൽ അടക്ക വിറ്റുകിട്ടുന്നതിൽ നികുതി കൊടുക്കുവാനൊന്നുമുണ്ടാകയില്ല. അടക്കാകൃഷിക്കാരന്റെ തറവാട്ടു സ്വത്തു് വിറ്റിട്ടുവേണം ഗവൺമെണ്ടിനു നികുതി കൊടുക്കുവാൻ. ഈ നില രാജ്യത്തു വന്നാൽ കവുങ്ങുകൃഷി വല്ലവരും ചെയ്യുമോ? ശ്രീവിപേരൂരിൽ O. T. വറീതിന്റെ ഒരു കവുങ്ങുതോട്ടം എന്നെ എല്പിക്കാമെന്നു പറയുന്നുണ്ട്. ക, ര ം ം കവുങ്ങ് ആ തോട്ടത്തിലുണ്ട്. അതിലുണ്ടാകുന്ന അടക്ക മുഴുവൻ എന്നോടു് എടുത്തുകൊള്ളാൻ പറയുന്നുണ്ട്. എടകിള, നന മുതലായ മാത്രം ഞാൻ ചെയ്താൽമതി. അടക്ക കൺട്രോൾ നിയമപ്രകാരമുള്ള ഡ്യൂട്ടി നീക്കം ചെയ്യുന്നതുവരെ അതിന്റെ ആദായം എന്നോടു എടുത്തുകൊള്ളാനാണ് പറയുന്നതു്. അപ്പോൾ ഈ കൺട്രോൾ നിയമംകൊണ്ടു് അടക്കാകൃഷിക്കാർക്കു എത്ര കഷ്ടപ്പാടുണ്ടെന്നു നോക്കണം!

ഇനി എന്റെ നിയോജകമണ്ഡലത്തെ പ്രത്യേകം ബാധിക്കുന്ന ഒരു സംഗതി പറയാം. മുള്ളക്കായൽ സ്ലൂം എത്രയും ആവശ്യമായ ഒരു സ്ലൂമാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ ഒന്നോ രണ്ടോ വ്യക്തികളുടെ കൃഷിയെ സംരക്ഷിക്കുന്നതിനാണ് ഇതു് പ്രയോജനപ്പെടുത്തിക്കാണുന്നതു്. ഈ സ്ലൂംമൂലം വളരെ കോൾനിലങ്ങൾ വെള്ളം കിട്ടാതെ ഉണങ്ങിപ്പോകുന്നുണ്ടു്. അങ്ങിനെ ഉണങ്ങിപ്പോകുന്ന കൃഷിക്കാരുടെ ഉടമസ്ഥനും അതിലേക്കു് പണം കൊടുക്കണമെന്നു പറയുന്നതും ആശാസ്യമാണോ എന്നു ഞാൻ ചോദിക്കുന്നു. മുള്ളക്കായൽ സ്ലൂം വന്നതിനുശേഷം കോൾനിലങ്ങളിൽ ഉണക്കം കൂടാതെ കൃഷി കൊയ്യുകയുവാൻ സാധിച്ചിട്ടില്ലയെന്നു ഞാൻ പറയുന്നു. ബഹുമാനപ്പെട്ട ഇഞ്ചിനീയറിംഗ് മെമ്പർ ഈ വിഷയത്തിൽ വളരെ വൈദഗ്ദ്ധ്യമുള്ള ഒരാളാണെങ്കിലും ഞങ്ങൾ പറയുന്നതും കുറച്ചൊക്കെ ഗവൺമെണ്ടു് വിശ്വസിക്കണം. മരിക്കാതെ ബോധക്ഷയംവന്നു കിടന്ന ഒരുത്തനെ ഒരിക്കൽ ഒരു ഡാക്ടർ പരിശോധിച്ചു മരിച്ചു എന്നു പറഞ്ഞു് അയാളെ കുഴിച്ചിടാൻ പറഞ്ഞു. അയാളെ കുഴിച്ചിടുവാൻ കൊണ്ടുചെന്നപ്പോൾ "എന്നെ കുഴിച്ചിടല്ലെ; ഞാൻ മരിച്ചിട്ടില്ല" എന്നു പറഞ്ഞു് അയാൾ നിലവിളിച്ചപ്പോൾ "അയ്യായിരം ഉറുപ്പിക ശമ്പളമുള്ള ഡാക്ടർ പറഞ്ഞു താൻ മരിച്ചു എന്നു്, താൻ മരിച്ചില്ല എന്നു പറഞ്ഞാൽ ഞങ്ങൾ എങ്ങിനെയാണു് വിശ്വസിക്കുന്നതു്" എന്നു പറഞ്ഞ കഥയാണ് എനിക്കു ഈ അവസരത്തിൽ ഓർമ്മവരുന്നതു്. (ഹിയർ, ഹിയർ). മുള്ളക്കായൽ സ്ലൂം ഉണ്ടായിക്കൊള്ളട്ടെ. അതിൽ വെള്ളം കയറ്റിനിർത്തിയാൽ ആ വെള്ളം ആരെല്ലാം എടുക്കുന്നുവോ അവരിൽനിന്നു മാത്രമേ നികുതി പിരിക്കുവാൻ പാടുള്ളു എന്നാണ് ഞാൻ പറയുന്നതു്. കോൾനിലങ്ങളിൽ വരമ്പുമാടക പതിവുണ്ടു്. ഈ വരമ്പുകളൊന്നുമില്ലാതെ എനാമ്മാവു ഡാമിൽകൂടി വെള്ളം മുഴുവൻ ഇറന്നുവിട്ടുകളഞ്ഞു, ഒടുവിൽ വെള്ളമില്ലാത്ത കാലത്തു മാത്രമാണ് മുള്ളക്കായലിൽ വെള്ളം കയറ്റി നിർത്തുന്നതു്. കഴിഞ്ഞകൊല്ലം പെരുമ്പിള്ളിശേരിയിൽ വെള്ളം നിർത്തുകതന്നെയുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യില്ല. ഇതിനുവേണ്ടി ഒരു കോഠംകമ്മിറ്റിയുണ്ട്. കോഠംകൃഷിക്കാർ ഒരുരും അറിയാതെ യുണ്ടായിട്ടുള്ള ഒരു കമ്മിറ്റിയാണിത്. കോളിനെ സംബന്ധിച്ച സകല കാര്യങ്ങളും അവർ മുഖാന്തിരമാണ് നടത്തുന്നത്. ആ കമ്മിറ്റിയെ നീക്കം ചെയ്യണമെന്നും, ആ കമ്മിറ്റി യിൽ അവിശ്വാസം രേഖപ്പെടുത്തിക്കൊണ്ടും കോഠംകൃഷിക്കാർ യോഗംചേർന്ന ഒരു പ്രമേയം പാസാക്കി ഗവൺമെണ്ടിലേക്ക് അയച്ചതായി ഞാൻ കേട്ടിട്ടുണ്ട്. ഈ തിരഞ്ഞെടുപ്പുകാ ലത്തു് ഒർല്പം ചില സ്ഥലങ്ങളിലെ ഞാൻ പോയിട്ടുള്ളു എങ്കിലും അവിടങ്ങളിലുള്ളവ രെല്ലാം എന്നോടു പറഞ്ഞിട്ടുള്ളതു് ഇനിയെങ്കിലും കോഠംകൃഷി ഉണക്കിക്കളയല്ലെ എന്നാണ്. അതുകൊണ്ടു് ഈ കാര്യത്തിൽ ഗവൺമെണ്ടു കൂടുതൽ ദൃഷ്ടിപതിക്കണമെന്നു ഞാൻ അഭ്യർത്ഥി ച്ചുകൊള്ളുന്നു.

ഇനി ഫുഡ്സപ്ലൈസ് ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചാണ് എനിക്കൊന്നു പറയു വാനുള്ളതു്. നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ പലരും വളരെ സത്യസന്ധന്മാരാണെന്നു് എനി ക്കു ബോദ്ധ്യമുള്ളതാണ്. നമ്മുടെ ദിവാൻ പേഷ്കാർ അവർകളും ചീഫ് ഇൻജിനീയർ അവർകളും ഫുഡ് സപ്ലൈസു് ഡയറക്ടർ അവർകളും മറ്റെല്ലാവരും വളരെ സത്യസന്ധ ന്മാരാണ്. എന്നാൽ അതിൽ ഒരബദ്ധമുണ്ട്. ഫോട്ടൊ എടുക്കുവാനുള്ള ലെൻസുപോലെ യാണതു്. ഏതു വസ്തുവായാലും വേണ്ടതില്ല അതു് കാണുന്നതെ അതിൽ പതിയുകയുള്ളു. അതു് പറയുന്നതെ അവർ വിശ്വസിക്കയുള്ളു. സത്യസന്ധന്മാരായതു കൊണ്ടും അതു് പറ യുന്നവർ ശുദ്ധകള്ളം പറഞ്ഞാലും അതു സത്യമാണെന്നു അവർ വിചാരിച്ചുകൊള്ളും. അ തവരുടെ ദോഷമല്ല. അങ്ങിനെയുള്ള ഒരു ദോഷം നമ്മുടെ ഫുഡ് സപ്ലൈസു് ഡയറ ക്ടർക്കുണ്ടു് "സേവേ നീ തന്നെ കേമി" എന്നാണ് അവിടത്തെ പ്രമാണം. സേവ പറയുന്ന തുകൊണ്ടാണു് സേവാബലം സർവ്വബലാൽ പ്രമാണം എന്നു പറയേണ്ടിയിരിക്കുന്നു. അ നവധി ഉദ്യോഗസ്ഥന്മാർ ആ ഡിപ്പാർട്ടുമെൻറിലുണ്ടു്. ആ ഉദ്യോഗസ്ഥന്മാർക്ക് എവിടെയൊ ക്കെയാണു് ജോലിയെന്നു ആ വകുപ്പദ്ധ്യക്ഷനു അറിയുകയില്ല. അവർക്കു എന്തൊക്കെയാ ണു് ജോലിയെന്നും അദ്ദേഹത്തിന്നറിയുകയില്ല. സേവയുള്ള ഒരുത്തൻവന്നു ഒരാളെ ക്ലാർക്. മുതൽ ക്ലാസ് ഒ ക ഗ്രേഡിൽ നിയമിക്കണമെന്നു പറഞ്ഞാൽ അതുടനെ ചെയ്യും. അങ്ങി നെ ശബളം കൊടുക്കണക്കിന്നു കൊടുത്തും തീറ്റിപ്പോറ്റുന്ന ഉദ്യോഗസ്ഥന്മാരെ മാത്രമെ ആ ഡിപ്പാർട്ടുമെൻറിൽ കാണുകയുള്ളു. കഴിഞ്ഞ കൊല്ലത്തിൽ ഒരേഴലക്ഷം ഉറുപ്പിക ആ ഡിപ്പാർട്ടുമെൻറിൽ നഷ്ടം വന്നിട്ടുണ്ടു്. ക്ലാക്ക നുണയായി ഗവൺമെണ്ടു വാങ്ങുന്ന നെല്ലി ന്മേൽ ക്ലാക്ക. ഗവൺമേണ്ടിന്നു ലാഭം കിട്ടുന്നുണ്ടു്. ഗവൺമേണ്ടു എടുക്കുന്ന നെല്ലു് കുത്തുന്നതി ന്നും ഇവിടെയുള്ള മിൽസിനെയാണു് ഏല്പിച്ചിരിക്കുന്നതു്. നെല്ലു കുത്തുന്ന കമ്പനിക്കാക്ക് അതിൻെറ തവിട് മുഴുവനും എടുക്കാം കുത്തുന്നതിന്നു കൂലിയും കിട്ടും. എന്നാൽ ആ തവിട് രണയായി വിറ്റുകൊള്ളണമെന്നു ഗവൺമേണ്ടു കല്പനയായിട്ടുണ്ടു്. അതുകൊണ്ടു നല്ല തവി ട്ടു നാട്ടിൽ കിട്ടാനില്ലാതെയായിട്ടുണ്ടു്. മില്ലിംഗ് എർപ്പാട് നിർത്തണമെന്നും നെല്ലു് ആ വശ്യമുള്ളവർക്ക് നെല്ലുതന്നെ കൊടുക്കണമെന്നും പല പ്രാവശ്യവും ഈ നിയമസഭ ഗവൺമേ ണ്ടിനോടു് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ അതിൽ Practical difficulties ഉണ്ടെന്നാ ണു് പറയുന്നതു്. ഇതു മുഴുവൻ നശിപ്പിച്ചു കളയുന്നതിനേക്കാൾ നല്ലതു് നെല്ല ആവശ്യ മുള്ളവർക്കു നെല്ലുതന്നെ കൊടുക്കുന്നതല്ലെ എന്നു ഞാൻ ചോദിക്കുന്നു. ഇതു ചെയ്യുന്നതിൽ എന്താണു് Practical difficulties ഉള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇനിയും ഇ പ്പോഴത്തെ രീതിയിലുള്ള അരി വിതരണം തുടരുകയാണെങ്കിൽ ബഹുമാനപ്പെട്ട കൊട്ട ങ്ങല്ലൂർ ലത്തീൻ ക്രിസ്ത്യൻ മെമ്പർ പറഞ്ഞതുപോലെ ഓരോ വില്ലേജിലും ഓരോ അന്നപൂർണ്ണി സ്ഥാപിക്കേണ്ടിവരും: അതുകൊണ്ടു് ഫുഡ് സപ്ലൈസു് ഡയറക്ടർ ഈ കാര്യത്തിൽ പ്രത്യേ കം ശ്രദ്ധവെക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. അനർഹന്മാരായ ആരുടേയും ഒരു പാർശകവും കേൾക്കാതെ അതാതു കാര്യങ്ങൾ പ്രവൃത്തിക്കുകയാണു് വേണ്ടതെന്നു അദ്ദേഹ ത്തെ അറിയിക്കുകയും ചെയ്തുകൊള്ളുന്നു.

നിയമസഭയിലേക്കു മെമ്പർമാർ ചോദ്യങ്ങൾ അയക്കാറുണ്ടു്. സർ ഷൺമുഖം ദിവാൻജി യായിരുന്ന കാലത്തും ഓരോ ദിവസത്തേക്കും നാലു ചോദ്യങ്ങൾ വീതം ആൻസർ ചെയ്യുമാ യിരുന്നു. എന്നാൽ ഇപ്പോൾ എട്ടൊ പത്തൊ ചോദ്യങ്ങൾ മാത്രമാണു് ദിവസവും ആൻ സർ ചെയ്യുന്നതു്. ഓരോ മീറ്റിംഗിന്നും അയക്കുന്ന ചോദ്യങ്ങളെല്ലാം ആ മീറ്റിംഗു അവ സാനിക്കുന്നതിന്നു മുമ്പുതന്നെ ആൻസർ ചെയ്യണമെന്നു ദിവാൻ പ്രസിഡണ്ടിൻെറ കല്പന യുണ്ടെന്നാണു് ഞാൻ അറിയുന്നതു്. അവസാനദിവസം പുസ്തകം നിറച്ചു ചോദ്യങ്ങളുണ്ടാകും

LIBRARY ARCHIVES Kerala Legislative Assembly

ഈ ചോദ്യങ്ങൾ മുഴുവൻ എടുക്കുവാനും സാധിക്കാതെ വരുന്നുണ്ട്. അതുകൊണ്ട് മേലിൽ ദിവസവും 5 0 ചോദ്യങ്ങളെങ്കിലും ആൻസർ ചെയ്യുവാൻ വെച്ചാൽകൊള്ളാം.

സപ്ലീസിൽ പെട്ടിട്ടുള്ള ആളുകൾക്ക പ്രമോഷൻ കൊടുക്കുവാനുള്ള കഴിവു വകുപ്പധ്യക്ഷന്മാർക്കുണ്ട്. അർഹന്മാർക്കും അനർഹന്മാർക്കും വകുപ്പധ്യക്ഷന്മാർ പ്രമോഷൻ കൊടുക്കുന്നുണ്ട്. അതു് എഫിഷ്യൻസിയുടെ തണലിലാണ് വകുപ്പധ്യക്ഷന്മാർ നടത്തുന്നതു്.

ഗവമ്മേണ്ട സപ്ലീസിൽ നമ്മുടെ തമ്പുരാക്കന്മാരും ഉദ്യോഗസ്ഥന്മാരായിട്ടുണ്ട്. ഗവമ്മേണ്ട ഉദ്യോഗസ്ഥനായി തീർന്നാൽ പിന്നെ അവരുടെ മുമ്പത്തെ നില വിചാരിക്കുവാൻ പാടില്ല. ഗവമ്മേണ്ടുദ്യോഗസ്ഥൻ എന്ന നിലയിൽ ചോദ്യങ്ങൾ ചോദിച്ചാൽ അതിനെ സംബന്ധിച്ചു തീർച്ചയായും മറുപടി പറയേണ്ടതാണ്.

മുപ്പായിരം ഉറുപ്പികക്കു മേലുള്ള എല്ലാ പണികളും ചീഫ് ഇഞ്ചിനീയർ ചെക്കുമെഷർ ചെയ്യണമെന്നു് നിയമമുണ്ട്. എന്നാൽ അതുപ്രകാരം എല്ലാം ചെക്കുമെഷർ ചെയ്യുവരുന്നില്ല. നെല്ലിയാംപതിയിൽ കുറെ പണം ചിലവാക്കീട്ടുണ്ട്. ആരാണ് ആ പണി ചെക്കുമെഷർ ചെയ്തിട്ടുള്ളതു്. നെല്ലിയാംപതിയിൽ കൊള്ളതന്നെയാണ് നടന്നുവരുന്നതു്. തൃശ്ശിവപേരൂരിൽ ഒരു ലൈബ്രറി തുടങ്ങീട്ടു വളരെ നാളായിട്ടുണ്ട്. അവിടെയുണ്ടായിരുന്ന പുസ്തകങ്ങളെല്ലാം ഇപ്പോഴുണ്ടോ എന്നും എത്ര പുസ്തകങ്ങൾ കാണാതായിട്ടുണ്ട് എന്നും എത്ര ഉറുപ്പിക നഷ്ടപ്പെട്ടിട്ടുണ്ട് എന്നും അറിയുന്നതിനു അതൊന്നു ചെക്കുചെയ്യു് കൂടെ എന്നു ഞാൻ ചോദിക്കുന്നു. ഈ കാര്യത്തിൽ ഗവമ്മേണ്ടിന്റെ ശ്രദ്ധ പതിഞ്ഞു കാണ്മാൻ ആഗ്രഹിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. ടി. ജേക്കബ്: മിസ്റ്റർ പ്രസിഡണ്ടു സർ, സാമാന്യമായി നോക്കിയാൽ മുന്നു നാലു കൊല്ലംമുമ്പു് ഒരുതായതു് ക ക ൭-ൽ കൊച്ചി ഗവമ്മേണ്ടിന്റെ വരവു ഉദ്ദേശം ഒരുകോടി രൂപ ആയിരുന്നെന്നു കാണാം. എന്നാൽ ഇന്നത്തെവരുമാനസ്ഥിതിവെച്ചുനോക്കുമ്പോൾ അതു് മുന്നു് കോടിയോളം വർദ്ധിച്ചിട്ടുള്ളതായി കാണുന്നുണ്ട്. അങ്ങിനെയുള്ള വർദ്ധനവനുസരിച്ചുള്ള ആ ഗുണവിശേഷം സാധാരണ ജനങ്ങൾക്കു, ഇന്നത്തെ ഭരണസമ്പ്രദായത്തിൽനിന്നു—നമ്മുടെ ഗവമ്മേണ്ടിൽനിന്നു—സാധിതപ്രായമായിട്ടുണ്ടോ ഇല്ലയോ എന്നുള്ളതു നോക്കീട്ടുവേണം ബഡ്ജററിനെ അഭിനന്ദിക്കുവാൻ. അങ്ങിനെ ഒരു ചട്ടു് ചെയ്യുമ്പോൾ ഇന്നത്തെ ബഡ്ജററിൽ അങ്ങിനെ അഭിനന്ദിക്കത്തക്കതായി ഒന്നുമില്ലെന്നു ഇതിനുമുമ്പു ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ബഡ്ജററു വിമർശനത്തിൽനിന്നു തന്നെ മനസ്സിലാക്കാവുന്നതാണ്. സാധാരണ താഴ്ന്ന ജനങ്ങളുടെ ആവശ്യങ്ങൾക്കായി എന്താണ് ഇന്നത്തെ ഭരണക്കൂടം ചെയ്യുവാൻപോകുന്നതെന്നു നോക്കുമ്പോൾ ഒന്നുംതന്നെ കാണാൻ കഴിയുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇന്നു താഴ്ന്ന ഉദ്യോഗസ്ഥന്മാക്കു ജീവിക്കാനുള്ള ഒരു പരിതഃസ്ഥിതി അതിനു്പററിയ ശമ്പളത്തെപ്പറ്റി നൽകുന്ന കാര്യത്തിൽ ഗവമ്മേണ്ടു് ശ്രദ്ധിക്കുന്നില്ല. രാജ്യത്തിന്റെ ഏതുഭാഗത്തു നോക്കിയാലും ജീവിക്കുന്നതിനു നിവൃത്തിയില്ലാതെ നിത്യം കഷ്ടത അനുഭവിച്ചുകൊണ്ടിരിക്കുന്ന താഴ്ന്ന ഉദ്യോഗസ്ഥന്മാരെ കാണാം. ഇത്തരത്തിൽ കഷ്ടത അനുഭവിച്ചുകൊണ്ടുതന്നെ എന്നും ജീവിച്ചുപോരുന്ന സാധുജനങ്ങളും നാട്ടിന്റെ നാനാഭാഗങ്ങളിലുമുണ്ട്. അവരുടെ കഷ്ടതകളെ പരിഹരിക്കുന്ന തരത്തിലുള്ള ഒരു ബഡ്ജററല്ല ഇന്നു നമ്മൾക്കു കിട്ടിയിരിക്കുന്നതു്. നമ്മുടെ രാജ്യത്തിൽ ഇന്നു വരവുള്ള സംഖ്യ പതിവിൻപടിയൊക്കെ ചിലവുചെയ്തു എങ്ങിനെ കുറച്ചു മിച്ചം കാണിക്കാം എന്നുമാത്രമെ ഇന്നു ഗവമ്മേണ്ടു നോക്കുന്നുള്ളു. ഏതെല്ലാംതരത്തിൽ നമ്മുടെ ധനാഗമമാർഗ്ഗങ്ങളെ വർദ്ധിപ്പിക്കാം, ഏതേതുമാർഗ്ഗങ്ങളിൽകൂടി രാജ്യത്തിലെ താഴ്ന്ന ജനങ്ങളെ ഉയർത്തിക്കൊണ്ടുവരാം എന്നൊന്നും നമ്മുടെ ഉദ്യോഗസ്ഥന്മാരൊ, ഗവമ്മേണ്ടോ ആലോചിക്കുന്നില്ല. മറെറാരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ജനങ്ങളെ കള്ളുകുടിപ്പിച്ചും അതുപോലെയുള്ള മറെറ വഴികളിൽകൂടിയും അവരെ അധഃപതിപ്പിച്ചുംകൊണ്ടാണ് ഗവമ്മേണ്ടു പണമുണ്ടാക്കി ബഡ്ജററ് രൂപീകരിക്കുന്നതു്. മനുഷ്യരെ അധഃപതിപ്പിക്കുന്ന മാർഗ്ഗങ്ങളിൽകൂടിയല്ല, മനുഷ്യരെ പുരോഗമിപ്പിക്കുന്ന മാർഗ്ഗങ്ങളിൽകൂടിവേണം ഗവമ്മേണ്ടിന്റെ വരവു വർദ്ധിപ്പിക്കുവാൻ. അത്തരമുള്ള ഒരു ബഡ്ജററാണ് നമ്മൾക്കാവശ്യം. ബഹുമാനപ്പെട്ട ദിവാൻ പ്രസിഡണ്ടിന്റെ പ്രസംഗത്തിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതു് നമ്മെ കൂടുതൽ ബോധിക്കുന്ന കാര്യമായതുകൊണ്ട് അല്പം ഞാൻ ഇവിടെ വായിക്കാം. "It cannot yet said to be altogether free from anxiety, nor can we expect a return to normal conditions until it becomes possible to resume normal imports of rice from Burma",

LIBRARY ARCHIVES Kerala Legislative Assembly

ആദ്യം ഈ നാട്ടിൽ നമ്മടെ ജീവിതത്തിനുള്ളവക എന്താണ എന്നതിനെസംബന്ധിച്ചുള്ള ദിവാൻജിയുടെ അഭിപ്രായമാണ് ഇവിടെ കാണിച്ചിട്ടുള്ളത്. ബമ്മയിൽനിന്നു നമുക്കു അരികിട്ടാൻ വഴിയില്ലെന്നു കാണുന്നിടത്തോളംകാലം നമ്മൾ കഷ്ടതയിൽതന്നെ ജീവിക്കേണ്ടിവരും. അങ്ങിനെ എത്രയും അത്യാവശ്യമായ ഈ അരിയുടെ പ്രശ്നത്തെ പരിഹരിക്കുവാൻ, നമ്മൾക്കൊഴിച്ചുകൂടാൻ നിവൃത്തിയില്ലാത്ത വിദേശങ്ങൾ വഴിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി ഗവമ്മേണ്ടു സ്വീകരിച്ചതായി നാം കാണുന്നില്ല. ഒരു ഫുഡ്പ്രൊഡക്ഷൻ ജോലിക്കായി ഗവമ്മേണ്ടു ൧,൩൦൦രൂപാ ചിലവാക്കീട്ടുള്ളതായി കാണാം. അതിനുവേണ്ടി ൪൦—൩൦ രൂപ ഗ്രേഡിൽ ഒരു ക്ലാക്കിനേയും ൧൫ രൂപ ശമ്പളത്തിൽ ഒരു ശിപായിയേയും നിയമിച്ചു. ഇതാണ് ഗവമ്മേണ്ടു ഫുഡ്പ്രൊഡക്സനുവേണ്ടി ചിലവാക്കാൻ കണ്ടിട്ടുള്ള സംഖ്യ. എന്നാൽ ഫുഡ്സപ്ലൈ ഡിപ്പാർട്ടുമെണ്ടിൽ ഡ്രൈഗ്രയിൻ പ്രചരണത്തിനുവേണ്ടി ൨൫,൦൦൦ രൂപ ചിലവാക്കിയിരിക്കുന്നതായി കാണാം. അതിൽ ൨൦,൧൫൦ രൂപ Other charges -നു വേണ്ടിയാണെന്നു കാണുന്നുണ്ട്. ഇത്രവലിയ സംഖ്യ നിസ്സാരമായ ഒരു കാര്യത്തിനുവേണ്ടിയാണു ചിലവാക്കിയിരിക്കുന്നതു്. എന്നാൽ ഈ രാജ്യത്തെ ഏറവും പ്രധാനമായ ഫുഡ്പ്രൊഡക്സനുവേണ്ടി വെറും ൧,൩൦൦ രൂപയാണു ചിലവാക്കിയിരിക്കുന്നതു്. ഈ രാജ്യത്തിലെ ജനങ്ങൾക്കു പട്ടിണിയില്ലാതെ, സുഭിക്ഷതയോടുകൂടി ജീവിക്കുവാൻ ആവശ്യമായ കൃഷി വഴിപ്പിക്കുന്നതിനു ഒരു ക്ലാക്കിനേയും ഒരു പ്യൂണിനേയുംമാത്രം നിയമിച്ചു സമാധാനപ്പെട്ടിരിക്കുന്ന ഗവമ്മേണ്ടിന്റെ അനൌചിത്യത്തെ ചൂണ്ടിക്കാണിക്കാതെയിരിക്കുവാൻ നിവൃത്തിയില്ല. എപ്പോഴും ജനങ്ങൾക്കു ജീവിക്കാനുള്ളപരിതഃസ്ഥിതികൾ സൃഷ്ടിക്കേണ്ടതു ഗവമ്മേണ്ടിന്റെതാണു്.

കൃഷിക്കുപകരിക്കുന്ന ൨,൦൫,൦൦൦ ഏക്കർ സ്ഥലം നമുക്കുണ്ടു്. ശരിയായി കൃഷിചെയ്താൽ ൫,൦൦,൦൦൦ ടൺ അരി കിട്ടുമെന്നും കാണുന്നു. ൨൭,൦൦൦ ടൺ അരിമാത്രമാണ ഇന്നത്തെ ഫുഡ്ഡിപ്പാർട്ടുമെണ്ടിൽനിന്നു കണ്ടു്രോൾ വിലയ്ക്കുവാങ്ങിയതായി കാണിച്ചിരിക്കുന്നതു്. ഇതിൽ നിന്നു നമ്മൾക്കു മനസ്സിലാക്കാം നമ്മളുടെ നാട്ടിലെ കൃഷി വളരെ അധഃപതിച്ചുപോയെന്നു. അങ്ങിനെ എത്രയോടൺ അരി നമ്മൾക്കു ഇന്നു കുറഞ്ഞുപോകുന്നതിനിടയായിട്ടുണ്ടു്. എത്രമാത്രം വിളവുകുറഞ്ഞുപോയിട്ടുണ്ടു; ഇപ്പോൾ എത്രമാത്രം കിട്ടുന്നുണ്ടു് എന്നും അറിയുന്നതിനു ശരിയായ ഒരു കണക്കെടുക്കുന്നതിനുപോലും ഗവമ്മേണ്ടിനെക്കൊണ്ടു കഴിഞ്ഞിട്ടില്ല. കൊച്ചിരാജ്യത്തിലെ നെൽകൃഷി സ്ഥലങ്ങൾ മിക്കതും ജന്മികളുടെ കൈവശമാണു് അതുപോലെതന്നെ ക്ഷേത്രങ്ങളുടെകീഴിലുമാണ വലിയൊരു വിഭാഗം ഭൂമികിടക്കുന്നതു്. നാമൊക്കിവിടെ പറയാൻ അധികാരമില്ലാത്ത ഒരു വകുപ്പിന്റെ കീഴിലാണെങ്കിലും അവയുടെ കീഴിലുള്ള അനവധിവസ്തുക്കളെ കുറിച്ചു ചിന്തിക്കേണ്ടതാണെന്ന സംഗതി ഞാൻ ഗവമ്മേണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

ഈ രാജ്യത്തെ കടലോരനിവാസികളുടെ അവശതകളെകുറിച്ചു കൊച്ചിഗവമ്മേണ്ടിനെ പലഅവസരങ്ങളിലും ഈ നിയമസഭയിൽതന്നെ പലപ്പോഴും അറിയിച്ചിട്ടുണ്ടു്. അങ്ങിനെ ആക്ഷേപങ്ങൾ വരുമ്പോഴൊക്കെ അതിനുവേണ്ട നടപടികൾ എടുത്തുകൊള്ളാമെന്നു ഗവമ്മേണ്ടു മറുപടിയും പറയാറുണ്ടു്. എന്നാൽ അങ്ങിനെ പ്രതീക്ഷകളോടുകൂടി ജനങ്ങൾ താമസിച്ചുവരുന്ന പലപ്രദേശങ്ങളും ഇന്നു കടലാക്രമിച്ചു കഴിഞ്ഞിട്ടുണ്ടു്. അങ്ങിനെ കൊച്ചിമഹാരാജാവു തിരുമനസ്സിന്റെ തന്റെ രാജ്യത്തിന്റെ ഓരോഭാഗവും കൊല്ലംതോറും നഷ്ടപ്പെട്ടുപോകുന്നുണ്ടെന്നു പറയാതെ തരമില്ല. അതിനുകാരണം ഉദ്യോഗസ്ഥന്മാർ ന്യായമായ തരത്തിൽ വേണ്ട പരിരക്ഷകൾ ചെയ്യാത്തതുതന്നെയാണു. അതവരുടെ കുറവാണു്. യഥാർത്ഥരാജ്യരക്ഷ എന്നു പറയുന്നതു മഹാരാജാവു തിരുമനസ്സിലെ കൈവശമുള്ള ഭൂമിയിൽ ഒരിഞ്ചുപോലും നഷ്ടംവരാതെ ജനങ്ങൾക്കു സുഖമായി ജീവിക്കത്തക്കതരത്തിൽ വെച്ചുകൊണ്ടിരിക്കുക എന്നതാണു്. അങ്ങിനെ നോക്കുമ്പോൾ അതിനു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ എന്താണ പ്രവൃത്തിച്ചിട്ടുള്ളതെന്നു നമ്മൾക്കു പരിശോധിക്കാം. ൧൯൨൫-ൽ പെല്ലാനം പ്രദേശത്തു രണ്ടു ഗ്രായിൻസു് ഇടവിക്കുകയുണ്ടായി. മന്നുറടി നീളത്തിലുള്ള രണ്ടു ഗ്രായിൻസാണ ഇട്ടതു്. ബാക്കിയുള്ളഭാഗങ്ങളിൽ താമസിക്കുന്ന സാധുക്കൾ കടലാക്രമണം മൂലം നാടുവിട്ടോടുന്നു. ധനവാന്മാർ അവിടെനിന്നു മറുസ്ഥലങ്ങളിൽപോയി വീടുപണിയു താമസിക്കുന്നുണ്ടു്. അങ്ങിനെയുള്ള ആ സ്ഥലത്തു ൧൯൨൪-ൽ രണ്ടു ഗ്രായിൻസിട്ടും. ൧൯൨൫-ൽ ഒരെണ്ണമിട്ടു. ൧൯൨൬ൽ ഒരേണ്ണമിട്ടു. ൧൯൨൭-ലും ഒരെണ്ണമിട്ടു. ഇങ്ങിനെ കൊല്ലംതോറും ഓരോഗ്രായിൻസു, കടലാക്രമണംകൊണ്ടു രാജ്യംമുഴുവൻ നശിച്ചുകൊണ്ടിരിക്കുന്ന ആ പ്രദേശത്തു ഇട്ടുകൊടുത്താൽ അതുകൊണ്ടു അവിടെ ജനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

മോട്ടുള്ള തങ്ങളുടെ ചുമതലതിന്നുവെന്നു ഉദ്യോഗസ്ഥന്മാർ വിചാരിക്കുന്നുണ്ടെങ്കിൽ അതെ ത്രകഷ്ടമാണെന്നു പറയേണ്ടതില്ല. ഗവമ്മേണ്ടു ഈ കാര്യം കുറച്ചുകാര്യമായി ത്രമിക്കണം. രാമേശ്വരം വില്ലേജ് ര ഫർലോങ്ങ് നിളമുള്ളസ്ഥലമാണ്. കടലോരത്തുള്ളതു് ഒരു ലക്ഷം ത്രപയോളം കടലാക്രമണം മൂലം അവിടത്തെജനങ്ങൾക്കു നഷ്ടമുണ്ടായിട്ടുണ്ടെന്നു പറഞ്ഞാൽ അതു അറിയാൻ കഴിഞ്ഞിട്ടില്ലാത്ത ഇവിടത്തെ ബഹുമാനപ്പെട്ട മെബറന്മാർ വിസ്മയിച്ചുപോകും. മഴക്കാലത്തു നിങ്ങൾ പൊന്നു നോക്കിയാൽ അവിടെ ജനങ്ങൾ കഴിച്ചുകൂട്ടുന്ന കഷ്ടതകൾ എന്തൊക്കെയാണെന്നു കാണ്മാൻകഴിയും. അവിടെ നിന്നു കുറച്ചുകൂടി തെക്കോട്ടുമാറീട്ടു പള്ളത്തുത്തി വില്ലേജിൽപെട്ട കുറേസ്ഥലമുണ്ടു്. അതിന്റെ ഇടക്കിടയ്ക്കു ബ്രിട്ടീഷ് സ്ഥലങ്ങളുണ്ടു്. ഒന്നരണ്ടുമയിൽ നീളത്തിലുള്ള ആ സ്ഥലത്തെ കടലാക്രമണംകൊണ്ടുള്ള കഷ്ടതകൾ ദിവാൻപേഷ്കാർ അവർകൾ നേരിട്ടു കണ്ടിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ഇങ്ങിനെ കടലാക്രമണംമൂലം നിത്യദുരിതങ്ങൾ അനുഭവിക്കുന്ന സാമാന്യജനങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഗവമ്മേണ്ടു എന്താണ് പ്രവൃത്തിച്ചിട്ടുള്ളതെന്നു നമ്മൾക്കു ചോദിക്കേണ്ടതുണ്ടു്. ഇതിനെ സംബന്ധിച്ചുതന്നെ ഞാൻ ചോദ്യങ്ങൾ അയച്ചിട്ടുള്ളതുകൊണ്ടു് ഇപ്പോൾ കൂടുതലായി ഒന്നും പറയുന്നില്ല.

ശുദ്ധജലം കിട്ടാത്തതു ഒരു പ്രധാനസംഗതി ആണ്. ആ കാര്യത്തിൽ ഗവമ്മേണ്ടിന്റെ മനഃസ്ഥിതിയുടെ അല്പം മനസ്സിലാകുന്നില്ല. ചെല്ലാനംവരെ ഒരു പൈപ്പു ലൈൻ എത്തീട്ടുണ്ടെങ്കിലും അതു അങ്ങോട്ടു നീട്ടികൊടുത്തു അവർക്കു ശുദ്ധജലം കൊടുക്കാതെ ഉപ്പുവെള്ളം കുടിപ്പിച്ചു കഷ്ടപ്പെടുത്തുന്നതിന്റെ കാരണമെന്താണെന്നു മനസ്സിലാകുന്നില്ല. തങ്ങൾ നിസ്സാരന്മാരായതുകൊണ്ടാണു് ഗവമ്മേണ്ടു് അവിടത്തെ കാര്യങ്ങളിൽ ഇതു അശ്രദ്ധ നടിക്കുന്നതെന്നു ഒരു ബോധം അവിടത്തെ ജനങ്ങളിലുണ്ടായിട്ടുണ്ടു്. ഇങ്ങിനെ ചില ഭാഗങ്ങളിലെ സാധുജനങ്ങളെ ഉപേക്ഷിക്കുന്ന നയം നല്ലതല്ലെന്നു ഗവമ്മേണ്ടിനെ അറിയിച്ചുകൊള്ളുന്നു. വൈപ്പു, തെക്കൻമാലിപ്പുറം എന്നീ സ്ഥലങ്ങളിൽ കുടിക്കാൻ ശുദ്ധജലം ഇല്ലാത്തതിനെ സംബന്ധിച്ചു പല നിവേദനങ്ങളും ഈ നിയമസഭയിൽ പല പ്രമേയങ്ങളും ഉണ്ടായിട്ടുള്ളതാണ്. അതിനൊന്നിനും ഇതേവരെ യാതൊരു പരിഹാരവും ഗവമ്മേണ്ടു ചെയ്തിട്ടില്ല. ഗവമ്മേണ്ടിന്റെ ഈ അനാസ്ഥമാറ്റി ജനോപകാരപ്രദങ്ങളായ ഇത്തരം കാര്യങ്ങളിൽ ഉടനെ ശ്രദ്ധ ചെലുത്തേണ്ടതു ഗവമ്മേണ്ടിന്റെ ചുമതലയാണ്. അതുപോലെതന്നെ ഈ സഭയിലെ ജനപ്രതിനിധികളുടേയും ചുമതലയാണ്. ഈ കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനു പണമില്ലെങ്കിൽ ഗവമ്മേണ്ടിൽനിന്നും ഒരു ലോൺ എടുത്തെങ്കിലും ഇവകൾ നടത്തേണ്ടതാണെന്നാണ് എനിക്കു ഗവമ്മേണ്ടിനെ ഉൽബോധിപ്പിക്കുവാനുള്ളതു്.

കൊച്ചിരാജ്യം ഒരു വ്യവസായ പ്രധാനമായ രാജ്യമായി ഉയരാൻപോകുന്ന ഈ കാലത്തു തൊഴിലാളികൾ അനേകായിരമായി തിങ്ങിപ്പാർക്കുന്ന കൊച്ചിരാജ്യത്തിലെ കടലോരപ്രദേശങ്ങളുടെ സംരക്ഷണത്തിന്നായി ഗവമ്മേണ്ടു എന്തുചെയ്യുവെന്നു ഞാൻ ചോദിക്കുന്നു. അതിനു സമാധാനം ഗവമ്മേണ്ടു കാണുന്നില്ല. തൊഴിലാളികളെ സംബന്ധിച്ചടത്തോളമുള്ള കാര്യങ്ങൾ അന്വേഷിക്കാൻ ഒരു ഉദ്യോഗസ്ഥൻ ഇവിടെയുണ്ടു്. ആ വക കാര്യങ്ങൾ മുഴുവൻ സമയവും ആലോചിക്കാൻ സാധിക്കാത്തതരത്തിൽ പലവിധ ജോലികളും പലവിധ ഡിപ്പാർട്ടുമെണ്ടുകളും അദ്ദേഹത്തിന്റെ ചുമലിൽ കെട്ടിവെച്ചിട്ടുണ്ടു്. പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി, എവിടേയും മറ്റൊരാളിക്കൊള്ളുന്ന അവരുടെ സങ്കടങ്ങളുടെ നിവാരണത്തിനുവേണ്ടി അവയെകുറിച്ചു ഒരന്വേഷണം നടത്തുവാൻ നമ്മുടെ ഗവമ്മേണ്ടിനൊ ആ ഉദ്യോഗസ്ഥനൊ ഇതേവരെ സാധിച്ചിട്ടില്ലെന്നു പ്രത്യേകം പറയേണ്ടതുണ്ടു്. കൊച്ചിയുടെ യഥാർത്ഥ സമ്പത്തു ഈ രാജ്യത്തിലെ തൊഴിലാളികളുടെ ആരോഗ്യവും അവരുടെ ശക്തിയുമാണ്. അതിനെ അതായതു അവരുടെ ആരോഗ്യത്തേയും, ശക്തിയേയും ശരിയായി ഉപയോഗിക്കുന്നുണ്ടെന്നുള്ളതിനു ലക്ഷ്യമായി അസ്സാം ലേബർ റിക്രൂട്ടുമെണ്ടിനെപ്പറ്റി ഇന്ത്യാഗവമ്മേണ്ടും ബ്രിട്ടീഷ് ഗവമ്മേണ്ടും ചെയ്തിരിക്കുന്ന പ്രശംസകൾ സ്വീകരിക്കാവുന്നതാണ്. ആ സംഗതി മനസ്സിലാക്കി, തൊഴിലാളിവർഗ്ഗമാണ് നാട്ടിനെ അഭിവൃദ്ധിയിലെത്തിക്കുന്നതെന്നു മനസ്സിലാക്കി അവർക്ക് ജീവിക്കത്തക്ക പരിതഃസ്ഥിതികൾ ഉണ്ടാക്കി കൊടുക്കേണ്ടതു പ്രാഥമികശ്രദ്ധമാണ്. നമ്മുടെ രാജ്യത്തിൽ ശ്രേയസ്സു വേണമെങ്കിൽ നമ്മുടെ രാജ്യത്തിൽ യുക്തമായ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടണമെങ്കിൽ നമ്മുടെ തൊഴിലാളികൾക്കു ജീവിക്കാനുള്ള ചുറ്റുപാടുകൾ ഒരുക്കിക്കൊടുക്കണമെന്നു ഗവമ്മേണ്ടിനോടും പൊതുജനപ്രതിനിധികളോടും ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. M. Mayankutty *(Mattancheri)*: Mr. Deputy President, Sir, it is true that the budget estimate of revenue and expenditure for the year 1121 is another record in the financial history of the State and since the increased revenue is almost entirely due to the very high bidding of Abkari. Opium and Tobacco shops, I don't feel justified in congratulating the authorities concerned for presenting a surplus budget.

Regarding the schemes of expenditure for which provision has been made, I feel that the Government have become alive to the crying needs of the rural population by providing substantial expansions of the activities of Fisheries, Co-operative, Ayurvedic and Public Health Departments.

It has been proved beyond doubt that the subjects of the State will always continue to give full support to all measures undertaken by the Government with the object of providing men and material necessary for the successful prosecution of the war. But it will not be out of place to remind the Government that while meeting all the demands made on us the Government should not overlook the fact that the peasants and the commercial concerns alike have begun to feel the shortage of labourers to a considerable extent.

When the food situation has greatly improved it is now the cloth situation that is causing some anxiety and unless the Government pursue a thoroughly practical policy in the supply and distribution of cloth, the situation may grow worse and it is the prayer of the people of the State that the Government should always be vigilant to avoid such a calamity as is bitterly experienced in some other parts of India.

It is gratifying to find that provision has been made for the improvement of water supply to Mattancheri as well, but we all hope that the ever-increasing demand for water by the Port and by the Defence Services on the Willingdon Island should not be allowed to stand in the way of a regular and reliable supply of water for which the inhabitants of Mattancheri have been agitating for the past many years.

The confession by the Government that they have been aware of the havoc caused to coastal areas by sea-erosion coupled with inefficient and inadequate means of affording protection against the sea by the construction of bunds have not helped to any extent to mitigate the untold sufferings of the victims of sea erosions. The sufferings of the inhabitants of Chellanam and its suburbs caused by the recent sea-erosion will bear testimony to the deplorable inactivity of the Government in this direction.

A welcome feature of the budget is that it contains provision for the preliminary stages of Post-war Development. In the Post-war world industrial expansion has a most important part to play and as far as our State is coucerned it is regrettable that our Government have not even obtained yet the necessary priority to secure the machinery required for the starting of the contemplated hydro-electric scheme while in the sister State of Travancoae many of the industrial schemes are being put into operation. If this State of slow progress is to continue, I am afraid, our high hopes of progressive Post-war Development of the State will not carry us far. The Government should not forget the fact that before long they will have to tackle the problems of how to provide for the huge number of State subjects when they return home after services abroad and whose selfless sacrifices have won credit and renown for themselves and for the State. The Government should not feel contented that they have done their best by giving to those who have served in the war 5 or 10 cents of land in any corner of the State when they return home in flying colours.

While speaking about communications in the State, I wish to bring to the notice of the Government the hardships suffered by the people of Mattancheri and Ernakulam due to inefficient running of the ferry boat service. Under the existing war-time conditions the company cannot be expected to shoulder all blame on this score and it is the duty of the Government to procure the necessary spare parts and engines and to see that the most essential ferry of the State which plys between the commercial centre and the capital of the State is maintained to run most efficiently.

Before concluding I may say a word or two about the backward condition of the Muslim community of the State and I as a member of the Muslim community fervently hope that the Government of His Highness the Maharaja of Cochin under the able guidance of the Diwan will be gracious enough to show utmost sympathy for their uplift and well-being. Lack of education is the main cause for their present backward position and to remove this disability. The Government may be pleased to continue all the existing concessions, stipends and scholarships granted to Muslims students. In the opening speech of the Diwan-President, he has assured us that he

LIBRARY ARCHIVES Kerala Legislative Assembly

intends to consult public opinion before finally shaping the educational policy of the Government based on the Code Revision Committee's report. As a passing reference, I may say that if the recommendations of the Code Revision Committee with regard to the discontinuance of all concessions at present enjoyed by the Muslim students are accepted by the Government, it will be cutting at the very root of the future prosperity of the Muslim community whose percentage of literacy is even at present at a deplorably low level. Another aspect which requires the sympathy of the Government is in the matter of giving increased representation to educated Muslims in Government services, especially those in higher grades. For the last many years, Muslims of this State have been appealing to the Government both inside and outside this House for appointing a Muslim Judge in the High Court of Cochin basing on the fact that Muslims having their own separate law to follow, they are only justified in asking for this legitimate right. The Muslims of the State earnestly hope their prayer will be heeded ere long. Another policy of the Government required to be criticised is the inadequate representation given to Muslims in this Hon'ble House and it will be only fair at least 4 seats may be reserved to the Muslims of the State. I beg to draw the attention of the Government to the glaring fact that the Muslim ladies who constitute a considerable number among the women population of the State are at present in a very backward condition in the field of education and social advancement. It will be only fair on the part of the Government to nominate at least one Muslim lady to represent their grievances in this Hon'ble House. The Government cannot now say that educated Muslim ladies are not available, since there are Muslim ladies serving under the Government at present. I plead on behalf of the neglected women population of the Muslim community to redress this long-felt want in a very short time. With these observations, I conclude.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: സർ, പ്രജാമണ്ഡലത്തിലെ ഒരു ബഹുമാന്യമെമ്പർ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ചീറികയിൽ ഒരു പാട്ടി ഒരു പ്രോഗ്രാംവെച്ചു ആദ്യം വേലചെയ്യുന്നു പ്രജാമണ്ഡലം പാട്ടിയാണെന്നു് ആ പാട്ടിക്കു അവകാശപ്പെടാമെന്നു പ്രസ്താവിക്കുകയുണ്ടായി. പ്രജാമണ്ഡലം പാട്ടിയോളംതന്നെ അതു അവകാശപ്പെടുവാൻ നിവൃത്തിയില്ലെങ്കിലും അതു കൊച്ചീരാജ്യചരിത്രത്തിൽ അവരാണു് ആദ്യം അങ്ങിനെ തുടങ്ങിയതെന്നു പറയുവാൻമാത്രം നിവൃത്തിയുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇവിടെ സ്റ്റേറ്റ് കോൺഗ്രസ്സു് പാട്ടി ഒരിക്കൽ സ്ഥാനാർത്ഥികളെ തിരഞ്ഞെടുപ്പിനു നിർത്തുകയും അവരിൽ ചിലരെല്ലാം ജയിച്ചുവരുകയും ചെയ്തിട്ടുണ്ടു്. പക്ഷെ പ്രജാമണ്ഡലം പാട്ടിയോളംതന്നെ അധികമാളുകൾ ജയിച്ചുവന്നിട്ടില്ലായിരിക്കാം. ചരിത്രത്തിൽ ആദ്യത്തെ സ്ഥാനം സ്റ്റേറ്റ കോൺഗ്രസ്സിനു കൊടുക്കണമെന്നേ ഞാൻ പറയുന്നുള്ളൂ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതു സ്റ്റേറ്റ കോൺഗ്രസ്സിന്നാണു്.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഇപ്പോൾ യുറോപ്പിലും മറ്റുമുണ്ടായിട്ടുള്ള ഇടത്തുവശത്തേക്കുള്ള തിരിവിൽ പ്രജാമണ്ഡലം പാട്ടി സന്തോഷിക്കുന്നതോടൊപ്പം ഞാനും സന്തോഷിക്കുന്നു. എന്നാൽ പ്രജാമണ്ഡലം പാട്ടി ഇടത്തുവശത്തേക്കുള്ള തിരിച്ചിലിൽ എത്രമാത്രം പോകുമെന്നു മനസ്സിലാക്കുവാൻ എനിക്കു സാധിച്ചിട്ടില്ല. ഇൻഡ്യയിലെ ഏറ്റവും പ്രധാന രാഷ്ട്രീയകക്ഷികൾ ബ്രിട്ടനിലെ സോഷ്യലിസ്റ്റ് ഗവമ്മെണ്ടിന്റെ വിജയത്തിൽ വാസ്തവത്തിൽ സന്തോഷിക്കുന്നുവോ ഇല്ലയോ എന്നു സംശയം തീർത്തു പറയുവാൻ എനിക്കു നിവൃത്തിയില്ല. മഹാത്മാഗാന്ധിതന്നെ ഇതേവരേയും അതിനെ സംബന്ധിച്ചൊരഭിപ്രായം പറഞ്ഞുകാണുന്നില്ല. അതിന്റെ കാരണമെന്താണെന്നു എനിക്കു അറിഞ്ഞുകൂടാ. ഒരുവേള ടോറികക്ഷി പോയി, ഇൻഡ്യയുടെ കാര്യത്തിൽ അവരേക്കാൾ അനുകൂലാഭിപ്രായമുള്ള ഒരു കക്ഷി വന്നിരിക്കുന്നു എന്നു ഇൻഡ്യക്കാർക്കു സന്തോഷിക്കുവാൻ വകയുണ്ടെങ്കിലും ഇൻഡ്യയിലെ പ്രധാന കക്ഷികളെല്ലാം ബ്രിട്ടനിലെ തൊഴിലാളികക്ഷിയോളംതന്നെ മുമ്പോട്ടു പോകുമോ എന്നറിഞ്ഞിട്ടില്ല. ഇപ്പോഴത്തെ ചില കക്ഷികളുടെ നില കണ്ടാൽ, പ്രജാമണ്ഡലവും കമ്മൂണിസ്റ്റ്കാരും തമ്മിലുള്ള വഴക്കും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ശേഷിച്ചിട്ടുള്ള ഹാഡോക്സ കമ്മിറ്റികളും അവിടത്തെ കമ്മൂണിസ്റ്റ്കാരും തമ്മിലുള്ള വഴക്കുകളുമൊക്കെ ആലോചിക്കുമ്പോൾ, ഇടത്തുവശത്തേക്കുള്ള തിരിച്ചലിൽ ഇൻഡ്യയിലെ പ്രധാന രാഷ്ട്രീയകക്ഷികളും കൊച്ചിയിലെ പ്രധാന രാഷ്ട്രീയ കക്ഷികളും എത്രമാത്രം ദൂരം പോകുമെന്നകാര്യം പറയുവാൻ നിവൃത്തിയില്ല. തീച്ചയായും എത്രയും അങ്ങേഅറ്റംവരെ പ്രജാമണ്ഡലക്കാർ പോകുമെന്നു ഞാൻ വിശ്വസിക്കുന്നു. ആ കാര്യത്തിൽ അവരുടെ സന്തോഷം പൂർണ്ണമാണെന്നു ഞാൻ വിശ്വസിക്കുകയും അതിൽ ഞാൻ പങ്കുകൊള്ളുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറിനെക്കുറിച്ചു പറയുകയാണെങ്കിൽ, ഞാനൊരിക്കൽ ഗവണ്മെണ്ട് തയ്യാറാക്കിയ ബഡ്ജറു ഒന്നു പൊളിച്ചെഴുതുവാൻ സാധിക്കുമോ എന്നു നോക്കി. എഡ്യൂക്കേഷനു കൊള്ളിച്ചിട്ടുള്ള രൂപാ പോരായെന്നു തോന്നി. അതിനുള്ള സംഖ്യ P. W. D. യിൽ നിന്നു എടുത്താൽ അതിനു സംഖ്യ പോരാതെവരും; P. H. D. യിൽ നിന്നും എടുത്താൽ അതിനു പോരാ; ആയുർവ്വേദത്തിൻനിന്നു എടുത്താൽ അതിനു പോര; ഇങ്ങിനെ ഓരോ വിപ്പാട്ടുമെണ്ടും നോക്കിയപ്പോൾ ഒന്നിൽനിന്നു മറെറാന്നിലേക്കു സംഖ്യ എടുക്കുവാൻ സാധിക്കാതെ വന്നു. അപ്പോൾ ഗവണ്മെണ്ടു തയ്യാറാക്കിട്ടുള്ള ബഡ്ജറുപോലെ മാത്രമേ ആക്കും ഇപ്പോഴത്തെ സംഖ്യകൊണ്ട് ബഡ്ജറു് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. അതു പോര പണം കൂടുതൽ ഉണ്ടാക്കണം. ചിലരെല്ലാം ഭയപ്പെടുകയുണ്ടായി യുദ്ധകാലം കഴിഞ്ഞാൽ വരവു കുറഞ്ഞുപോകുമെന്നു്. രൂപായ്ക്കു് ഫുൾ ½ ണ.യാണു് ബ്രിട്ടീഷിൻഡ്യയിൽ സുപ്പർടാക്സു് പിരിക്കുന്നതു്. ബ്രിട്ടനിൽ പവനു് ഫുൾ ½ ഷില്ലിംഗ്വരെ സുപ്പർടാക്സു് പിരിക്കുന്നുണ്ടു്. അങ്ങിനെ കറക്കുവാനുള്ള കാമധേനുക്കൾ നമുക്കു് ധാരാളമുണ്ടു്. ആ കാമധേനുക്കളെ കറക്കുവാൻ തുടങ്ങിയാൽ പണം ധാരാളം ഉണ്ടാക്കാം.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: കറക്കുമോ എന്നാണു് സംശയം.

റാവുസാഹിബു് കെ. അയ്യപ്പൻ: കറപ്പിക്കണം. അതാണു് ഞാൻ പായുന്നതു്. നമ്മുടെ വോട്ട ഇടത്തോട്ടതിരിക്കണമെന്നു്. വലത്തോട്ടതിരിയരുതു്. പതിമൂന്നരയണ അല്ലെങ്കിൽ പതിനഞ്ചുമുക്കാൽ അണതന്നെയും കറന്നെടുക്കണം. ഈ ഫുൾ ½ ണയും മറും കറന്നെടുക്കണമെന്നുണ്ടെങ്കിൽ ഒരു രൂപായുണ്ടായിരിക്കണം. ഈ ഒരു രൂപാ ഉണ്ടാകണമെന്നുണ്ടെങ്കിൽ ഇവിടത്തെ വ്യവസായ വർദ്ധനവിനെ നാം ശരിയായിട്ടു സഹായിക്കണം. ഈ അവസരത്തിലാണു് എനിക്കു ഗവണ്മെണ്ടിനോടു ഒരു പ്രധാനകാര്യം പറയുവാനുള്ളതു് ഗവണ്മെണ്ടു ഒരു വലിയകാര്യം വിസ്മരിച്ചിരിക്കുന്നു. അതു് മിഷ്യനറിയുടെ കാര്യമാണു്. പോസ്റ്റുവാർ പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനുവേണ്ട മിഷ്യനറി നമ്മുടെ ഗവണ്മെണ്ടു സമ്പാദിച്ചിട്ടുണ്ടോ? നമ്മുടെ പെരിങ്ങൽ കുത്തുപദ്ധതിയൊക്കെ മിഷ്യനറിയില്ലെങ്കിൽ വെറുതെ കടലാസിൽതന്നെയിരിക്കും. ഇന്ത്യഗവണ്മെൻറു വാസ്തവത്തിൽ നാട്ടുരാജ്യങ്ങളുടെ കാര്യം തീരെ വിസ്മരിച്ചിരിക്കുന്നു. തിരുവിതാംകൂർ ഗവണ്മെൻറു എങ്ങിനേയൊ ഫർടലയിസേർഷിനു വേണ്ട മിഷ്യനറി സമ്പാദിച്ചിട്ടുണ്ടു്. സ്കീമുകളുണ്ടാക്കുന്നതിനു അഞ്ചാറുമാസം താമസിച്ചാലും തരക്കേടില്ല, നമുക്കു് ആവശ്യമായ മിഷ്യനറി സമ്പാദിക്കുവാനുള്ള വേല വളരെ ഊർജ്ജിതമായി നടത്തുകയാണു് ആദ്യംവേണ്ടതു്. മിഷ്യനറിസുകളില്ലെങ്കിൽ നമുക്കു പോസ്റ്റുവാറിൽ ഒന്നും ചെയ്യുവാൻ സാധിക്കതെവരും. നമ്മുടെ പെരിങ്ങൽകുത്തു സ്കീം തന്നെ സർ ജോസഫ് ഭോറിൻറെ കാലത്തു അദ്ദേഹം കൊണ്ടുവന്നപ്പോൾ നമ്മുടെ ഭീർഘദൃഷ്ടിയില്ലായ്മകൊണ്ടു അതുതള്ളിക്കളഞ്ഞു. അതന്നു നാം സ്വീകരിച്ചിരുന്നുവെങ്കിൽ നമ്മുടെ നില ഇന്നു എന്തൊക്കെയായിരുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതിനു ഭാഗ്യമുണ്ടായില്ല.

റാവുസാഹിബു് കെ. അയ്യപ്പൻ: അതുകൊണ്ടു ഇനിയുള്ള അവസരമെങ്കിലും ശരിക്കുപയോഗിച്ചു് ഡവലപ്പുമെൻറു സ്കീമിനു് ആവശ്യമായ മിഷ്യനറി സമ്പാദിക്കുന്നതിനുള്ള വേലയാണു് ഗവണ്മെൻറു ചെയ്യേണ്ടതു് ഈകാര്യത്തിൽ ഗവണ്മെൻറു വളരെ ഊർജ്ജിതമായി ശ്രമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മറെറാരു സംഗതി എല്ലാപേരും അവരവരുടെ സമുദായത്തിൻറെയും മണ്ഡലത്തിൻറെയും കാര്യം പറയുന്നു. ഈഴവരുടെ കാര്യം ഈഴവമണ്ഡലത്തിൽനിന്നു വന്ന ഞാൻ പറയണം. അതു എൻറെ ബാലിശതയാണു്. ഞങ്ങൾക്കുതന്നെയല്ല അതു് നിങ്ങൾക്കും ഉണ്ടുള്ള കാര്യമാണു്. ഇവിടത്തെ പോളിറ്റിക്സു് എന്നു പറഞ്ഞാൽ വെറും ഉദ്യോഗകാര്യങ്ങൾ മാത്രമാണെന്നു ചിലർ കളിയായി പറയാറുണ്ടു്. ഞാൻ പറയുന്നു അതു കളിയല്ല കാര്യമായ സംഗതി തന്നെയാണു്. ഈ രാജ്യത്തെ രാഷ്ട്രീയാധികാരമെന്നു പറഞ്ഞാൽ അതിൽ ദിവാൻജിമുതൽ ശിപായിവരെയുള്ളവർ ഉൾപ്പെട്ടതാണു്. ഒരു രാജ്യത്തു ക്ഷേമം വരണമെങ്കിൽ ആ രാജ്യത്തിലെ എല്ലാ ജനവിഭാഗങ്ങളേയും തുല്യമായി പ്രതിനിധീകരിക്കുന്ന ഒരു ഭരണകൂടംവേണം. ഒരു രാജ്യത്തു സംതൃപ്തികരമായ സ്ഥിതിവരണമെന്നുണ്ടെങ്കിൽ ആ രാജ്യത്തെ ഭരണകൂടത്തിൽ എല്ലാവക്കും പ്രാതിനിധ്യം ഉണ്ടാകണം ചില വിഭാഗക്കാക്കു അധികവും ചില വിഭാഗക്കാക്കു കുറവും പ്രാതിനിധ്യമുണ്ടായാൽ അതുണ്ടാകയി

LIBRARY ARCHIVES Kerala Legislative Assembly

ല്ല. എന്നാൽ യോഗ്യതനോക്കാതെ ആളുകളെ ഉദ്യോഗത്തിൽ വെക്കണമെന്നല്ല ഞാൻ പറയുന്നതു്. യോഗ്യതനോക്കി ഉദ്യോഗംകൊടുത്താൽമതി. ചില ജാതികളിൽ ജനിച്ചു പോയതുകൊണ്ടു ചിലക്കു ഉദ്യോഗം കിട്ടാതെവരരുതു്. എന്റെവാദം അതാണു്. ഉദ്യോഗമണ്ഡലത്തിൽ ഇപ്പോഴും ഈഴവരുടെയും മറും കായ്മും വളരെ പരിതാപകരമാണു്. ഇപ്പോഴും അവക്കു കിട്ടേണ്ട ഉദ്യോഗങ്ങൾ കിട്ടീട്ടില്ല. ചിലർ നണപറഞ്ഞുപരത്തുന്നുണ്ടു് ഈഴവക്കു അധികം ഉദ്യോഗം കിട്ടിപ്പോയി എന്നു്. അതു ശരിയല്ല. ഗവണ്മെൻറിന്റെ ഭരണറിപ്പോർട്ടെടുത്തു നോക്കിയാൽ അറിയാം കായ്മായ ഉദ്യോഗങ്ങളൊന്നും ഈഴവക്കു കിട്ടിയിട്ടില്ലായെന്നുള്ളതു്. അതുകൊണ്ടു ഈ കായ്മത്തിൽ ഗവണ്മെൻറു പ്രത്യേകം നിഷ്കൃഷ്ടവെക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

തമ്പുരാക്കന്മാരുടെയും അവരുടെ മക്കളേയും സവ്വീസിൽ വെക്കുന്ന സമ്പ്രദായത്തിനു ഒരു വിരാമമിടണം. ഇന്നത്തെ കൊച്ചിയുടെ ജനയിതാവെന്നറിയുന്ന സ്ഥാനത്യാഗം ചെയ്ത മഹാരാജാവു തിരുമനസ്സിലേക്കു നിബ്ബന്ധമുണ്ടായിരുന്നുയെന്നാണറിയുന്നതു് തമ്പുരാക്കന്മാരേയും അവരുടെ മക്കളേയും സവ്വീസ്സിൽ നിയമിക്കരുതെന്നു്. തമ്പുരാക്കന്മാരെ മറു നാട്ടരാജ്യങ്ങളിലും ജോലിനോക്കുന്നതിനു അനുവദിക്കരുതെന്നായിരുന്ന തിരുമനസ്സിലെ വിചാരം. ബ്രിട്ടീഷിൻഡ്യയിൻമാത്രംപോയി ജോലി സ്വീകരിക്കുന്നതിനെ തിരുമനസ്സുകൊണ്ടു തമ്പുരാക്കന്മാരെ അനുവദിച്ചിരുന്നുള്ളു. ഇവിടെ ഉദ്യോഗത്തിൽ നിയമിച്ച ഒരു തമ്പുരാൻ ജോലിയിൽ പ്രവേശിക്കാൻ ചെന്നപ്പോൾ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻചെന്ന അദ്ദേഹത്തെ എതിരേറുകൊണ്ടുപോന്നതായി കേട്ടിട്ടുണ്ടു്. അങ്ങിനെയായാൽ ഡിപ്പാർട്ടുമെൻറിൽഹെഡ്ഡിനു ആ തമ്പുരാനെക്കൊണ്ടു ശരിക്കു വേല ചെയ്യിക്കാൻകഴിയുമൊ എന്നു ഞാൻ ചോദിക്കുന്നു. തമ്പുരാക്കന്മാരെയും മക്കളേയും നിയമിക്കുന്നതുതന്നെ വലിയ ഉദ്യോഗത്തിലാണു്. അങ്ങിനെ നിയമിക്കുന്നതിൽ ഒരു തകരാറുണ്ടു്. ആദ്യമേ അവരെ ഡിപ്പാർട്ടുമെൻറിൽഹെഡ്ഡായിട്ടു നിയമിച്ചാൽ അവർ ആ സ്ഥാനത്തിരുന്നു് മുഷിയേണ്ടിവരും. അവക്കു പ്രമോഷൻ കിട്ടുന്നതിനു വേറെ സ്ഥാനം ഉണ്ടാകയില്ല. അതുസവ്വീസ്സിനു തരക്കെടായിട്ടാണു് തീരുന്നതു്. നേരെ മറിച്ചു താഴെയുള്ള ഗ്രേഡുകളിൽ ഇരുന്നു് പരിചയത്തോടുകൂടി ഉയന്നവരുന്നവരെ ഡിപ്പാർട്ടുമെൻറിൽ ഹെഡ്ഡായി നിയമിക്കുന്നതായാൽ അതു സവ്വീസ്സിനു ഗുണകമായിരിക്കും. തമ്പുരാക്കന്മാരെയും അവരുടെ മക്കളെയും പെട്ടെന്നു മുകളിൽ കയറിവെക്കുന്നതുകൊണ്ടു പല ആളുകളുടെയും പ്രമോഷനെ തടയുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു തമ്പുരാക്കന്മാരേയും അവരുടെ മക്കളേയും സവ്വീസ്സിൽ വെക്കുന്ന ഏർപ്പാടു് നിറുത്തേണ്ടതാവശ്യമാണു്. ഇതു ഈഴവന്റെ കായ്മം മാത്രമല്ല പലയന്റേയും കുസ്ത്രാനിയുടേയും മുസ്ലീമിന്റേയും മറ്റെല്ലാ സമുദായക്കാരുടേയും കായ്മമാണു്. തമ്പുരാക്കന്മാർ ഉദ്യോഗത്തിൽ കടക്കുവാൻ പോകയാണെങ്കിൽ അവക്കു അതിനുള്ള സവ്വു സൌകയ്യങ്ങളുമുണ്ടു്.

Mr. Deputy President: Order, order. No discussion about the Royal Family is allowed.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* I bow to the decision of the Chair. I am only speaking of those who entered Government Service. Therefore I am speaking only about the Government servants and Government service and nobody else. I bow to the ruling of the Chair. I know I was perfectly within bounds.
.....പറയേണ്ടതു പറഞ്ഞുകഴിഞ്ഞു.

പിന്നെ വേറൊരു സംഗതി എനിക്കു പറയുവാനുള്ളതു് നിലവിലുള്ള നിയോജകമണ്ഡലങ്ങളെക്കുറിച്ചാണു്. സമുദായമണ്ഡലങ്ങൾ മാറി ആ സ്ഥാനത്തു് റിസർവ്വേഷൻ വരുത്തണമെന്ന ഒരു വാദമുണ്ടു്. ചിലരെല്ലാം പറയുന്നതു കേട്ടുകഴിഞ്ഞാൽ ഞാൻ അതിനു പരമവിരോധിയാണെന്നു തോന്നിപ്പോകും. ഞാൻ റിസർവ്വേഷനു വാദിച്ചാളാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: പുറത്തൊന്നും കണ്ടിട്ടില്ല.

റാവു സാഹിബു് കെ. അയ്യപ്പൻ: വേണ്ട സ്ഥലത്തു ഞാൻ പറഞ്ഞിട്ടുണ്ടു്. പിന്നെ ഒരു കായ്മുണ്ടു്. വെറും റിസർവ്വേഷൻകൊണ്ടു ഞാൻ തൃപ്തിപ്പെടുകയില്ല. സിംഗിൾ നോൺ ട്രാൻസ്ഫറെബിൾ വോട്ടു വോട്ടിങ്ങു് വ്യവസ്ഥയോടുകൂടി ഈഴവക്കു ജനസംഖ്യയനുസരിച്ചുള്ള സീറുകളും പൊതുനിയോജകമണ്ഡലങ്ങളിൽ റിസവ്വു് ചെയ്യുന്നതിനാണു് അവർ ആഗ്രഹിക്കുന്നതു്. ആ വിഷയത്തിലേക്കു ഞാൻ ഇപ്പോൾ അധികം കടക്കുന്നില്ല. പ്രജാമണ്ഡലത്തിന്റെ ഒരു യോഗത്തിൽ സമുദായമണ്ഡലങ്ങളും നിത്തലാക്കി ആ സ്ഥാനത്തു റിസർവ്വേഷൻ നടപ്പാക്കണമെന്നു ഒരു പ്രമേയം പാസാക്കുകയുണ്ടായിട്ടുണ്ടു്. മുസ്ലിങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ പറയുന്ന അവർക്ക് റിസർവേഷൻ വേണ്ട പ്രത്യേകമണ്ഡലം മതിയെന്ന്. ഞങ്ങൾക്ക റിസർവ്വേഷന്റെ കാര്യത്തിൽ എതിരില്ല. പക്ഷെ ഞങ്ങളെ തോല്പിക്കുവാനുള്ള ഒരു റിസർവ്വേഷൻ ആകരുതെന്നു മാത്രമെ ആവശ്യപ്പെടുന്നുള്ളു. ഈ രാജ്യത്തെ സകല സമുദായങ്ങളോടുംകൂടി യോജിച്ചുനിന്നുകൊണ്ട് രാജ്യത്തിന്റെ പുരോഗതിക്ക് അനുയോജ്യമായ ഏതു പദ്ധതിയോടും അനുകൂലിക്കുന്നതിൽ ഞങ്ങൾ—പിന്നോക്ക സമുദായങ്ങൾക്ക് ഒരിക്കലും എതിരല്ല എന്നാണ് എനിക്ക എല്ലാവരോടും പറയുവാനുള്ളതു്. ഈ നിയമസഭയുടെ ഇതേവരെയുള്ള പ്രൊസീഡിംഗസ് സൂക്ഷ്മമായി പഠിക്കുന്നവർക്ക് പിന്നോക്ക സമുദായക്കാരെക്കാൾ കൂടുതലായി ഈ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി മറ്റുള്ളവർക്ക വാദിക്കുവാൻ സാധിച്ചിട്ടില്ലെന്നുള്ള പരമാർത്ഥം കണ്ണുംമിഴിച്ചു് പ്രൊസീഡിംഗ്സിൽ നില്ക്കുന്നതായി കാണുവാൻ കഴിയുന്നതാണ്. സാമ്പത്തികമായും രാഷ്ട്രീയമായും സാമുദായികമായുള്ള എല്ലാ കാര്യങ്ങളിലും രാജ്യത്തിന്റെ പുരോഗതിക്ക ആവശ്യമായ പദ്ധതികൾ നിർണ്ണയിക്കുന്ന കാര്യത്തിൽ ഇവിടത്തെ പിന്നോക്കസമുദായക്കാർ ഒരിക്കലും വിരോധികളായിരുന്നിട്ടില്ല എന്ന സംഗതി പ്രജാമണ്ഡലം പാർട്ടിയോടു പ്രത്യേകം പറയേണ്ടതുണ്ട്. അവർ ഒരു പ്രത്യേക കാര്യപരിപാടിയോടുകൂടി രാജ്യത്തിനു ഗുണം ചെയ്യുവാനായി മുന്നോട്ട വന്നിരിക്കുന്നവരായതുകൊണ്ടാണ് ഞാനിതു അവരോടു പ്രത്യേകം പറയുന്നതു്. അതുകൊണ്ടു് അവരും എല്ലാ സമുദായങ്ങളുടേയും ന്യായമായ താല്പര്യങ്ങളിൽ ഒരു അനുകൂലമനഃസ്ഥിതിയെടുക്കുകയാണെങ്കിൽ നമുക്കെല്ലാവർക്കും യോജിച്ചുനിന്നുകൊണ്ട് ബ്രിട്ടന്റെ പുറകെ പോകാമെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഇപ്പോൾ ബ്രിട്ടണിലെ ജയിച്ച കക്ഷിയിലെ ചില പ്രമുഖന്മാർ പറയുന്നതു് അഞ്ചുകൊല്ലം കഴിഞ്ഞാൽ പിന്നെ ടോറികക്ഷിക്ക ഇനി എത്തിനോക്കാൻ സാധിക്കാത്ത ഒരു നില അവിടെ വരുത്തുമെന്നാണ്. നമ്മളും ആ നിലയിലേക്ക എത്തുവാൻ ശ്രമിക്കണം. അതായതു് സോഷ്യലിസത്തിലേക്ക പോകുവാൻ നമ്മളും തയ്യാറാകണം. പിന്നോക്കസമുദായക്കാരൊക്കെ ഇതിനു തയ്യാറാണ്. നിങ്ങൾ അതിനു തയ്യാറാണൊ?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പ്രിൻസിപ്പിൾ ആക്സപ്റ്റ് ചെയ്താൽ മതിയോ?

റാവു സാഹിബ് കെ. അയ്യപ്പൻ: ആ പറച്ചിലും ആദ്യം നടക്കട്ടെ. പക്ഷെ ശരിയായ അവസരം വരുമ്പോൾ പ്രിൻസിപ്പിൾ ആക്സപ്റ്റ ചെയ്യുമൊ എന്നാണ് സംശയം. നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രീയലക്ഷ്യം ഈ രാജ്യത്തു് സോഷ്യലിസം വരണമെന്നുള്ളതായിരിക്കണം. തൊഴിലാളികളുടെ കാര്യങ്ങൾക്കും അവശസമുദായങ്ങളുടെ പുരോഗതിക്കും ആവശ്യമായ ഏകപദ്ധതി സോഷ്യലിസം രാജ്യത്തു നടപ്പിലാക്കുകയാണ്. ഈ സംഗതി ഞാൻ നിങ്ങളോടു തുറന്നു പറയുന്നു. ഉള്ളതു ഹൃദയം തുറന്നു പറഞ്ഞാൽ പിന്നെ ഞങ്ങളെ ആരെങ്കിലും എതിർക്കുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ കാര്യത്തിൽ എതിർക്കയില്ല.

റാവു സാഹിബ് കെ. അയ്യപ്പൻ: ഈ കാര്യത്തിലെങ്കിലും എതിർക്കാതിരിക്കണമെന്നേ അപേക്ഷയുള്ളു. ഇത്രമാത്രമേ എനിക്ക പറയുവാനുള്ളു.

The House rose for the day at 4-45 p.m.

N. S. RADHAKRISHNA SARMA
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly